# ക്രിസ്ത്യൻ വേൾഡ്

Christian world

ക്രൈസ്തവ മാധ്യമം

2017 നവംബർ 1 | വാല്യം 12 | ലക്കം 11 | REG.NO:KERMAL/2006/17464 POSTAL REG. NO. KL/QN/341/2015-2017 | പേജ് 8


# ഭാരതത്തിനുവേണ്ടി പ്രാർഥിക്കൂ...





തോമസ് തോന്നയ്ക്കൽ


രാജ്യത്തിന്റെ മതേതരത്വം നശിപ്പിക്കുന്ന കരിനിയമങ്ങൾ നടപ്പിലാക്കപ്പെടുന്നു. ആരാധനയുടെയും ആവിഷ്ക്കാരത്തിന്റെയും സ്വാതന്ത്യം കൂച്ചുവിലങ്ങിടപ്പെടുന്നു.

ദൈവജനത്തിന്റെ പ്രത്യേക പ്രാർഥന ആവശ്യമായിരിക്കുന്ന അടിയന്തിര സാഹചര്യത്തിലൂടെ ഭാരതം കടന്നുപോകുകയാണ്. ക്രിസ്തീയ പ്രവർത്തനങ്ങൾക്കെതിരെ മുമ്പില്ലാത്തവിധം ശക്തമായ എതിർപ്പുകൾ വർധിക്കുന്നു.

രാജ്യത്തിന്റെ ബഹുസ്വരതയും ജനാധിപത്യസംവിധാനവും ഒഴിവാക്കി ഏകമതത്തിലധിഷ്ഠിതമായ രാഷ്ട്രം യാഥാർഥ്യമാക്കാനുള്ള ശ്രമം അണിയറയിൽ ശക്തം. പൗരന്റെ മൗലികാവകാശങ്ങളായ ആരാധനാസ്വാതന്ത്ര്യം, ആവിഷ്ക്കാരസ്വാതന്ത്ര്യം, ഭക്ഷണശീലങ്ങൾ എന്നിവയെ കൂച്ചുവിലങ്ങിടുന്ന പ്രവണത രാജ്യത്ത് ശക്തിപ്പെടുകയാണ്. നിരപരാധികളായ ന്യൂനപക്ഷങ്ങളും ദളിതരും നിരന്തരം ആക്രമിക്കപ്പെടുന്നു.

ബീഫ് നിരോധനത്തിന്റെ പേരിലെ കരിനിയമം വടക്കേഇന്ത്യയിലെ മിഷനറിമാർക്കെതിരെ സുവിശേഷവിരോധികൾ ആയുധമാക്കാൻ സാധ്യതയുണ്ടെന്ന് ആശങ്കയുണ്ട്. ബീഫ് കൈവശം വെച്ചെന്ന വ്യാജപരാതി മാത്രം മതി ഒരാളെ അറസ്റ്റു ചെയ്ത് വിശദീകരണം കൂടാതെ എത്രകാലം വേണമെങ്കിലും കസ്റ്റഡിയിൽ വെയ്ക്കാൻ. ഇതാണ് യുപി സർക്കാരിന്റെ പുതിയ നിയമം.

ദൈവദൂഷണമാരോപിച്ച് ചില രാജ്യങ്ങളിൽ ക്രിസ്ത്യാനികളെ തടവിലാക്കുന്ന തന്ത്രം വടക്കേഇന്ത്യയിലും വ്യാപകമാവുകയാണ്. സർവകലാശാല വിദ്യാർഥിയായ കുമാർ ആന്റണിയെ അറസ്റ്റു ചെയ്ത സംഭവം അധികമാരും അറിയാതെ പോയി. പാസ്റ്ററുടെ മകനായ ആന്റണിയെ സഹപാഠികളാണ് കള്ളക്കേസിൽ കുടുക്കിയത്.

ക്രിസ്തീയ സഭ പ്രതിസന്ധികളെ നേരിട്ടത് പ്രാർഥനയിലൂടെയാണ്. രാജ്യത്തിന്റെ ഐക്യതയ്ക്കും സമാധാനത്തിനും വേണ്ടി ദൈവജനം ഉണർന്ന് പ്രാർഥിക്കേണ്ട സമയം ഇതുതന്നെ.

# കരിയംപ്ലാവ് ജനറൽ കൺവൻഷൻ

**കരിയംപ്ലാവ്:** ഡബ്ല്യുഎംഇ സഭകളുടെ 69-ാമതു ജനറൽ കൺവൻഷൻ ജനുവരി 8-15 വരെ കരിയംപ്ലാവ് ഹെബ്രോൻ സ്റ്റേഡിയത്തിൽ നടക്കും. പ്രസിഡന്റ് പാസ്റ്റർ ഒ. എം. രാജുക്കുട്ടിയുടെ അധ്യക്ഷതയിൽ നാഷണൽ പ്രസ്ബിറ്ററിയുടെയും ജനറൽ കൗൺസിലിന്റെയും സംയുക്തയോഗം ഒരുക്കങ്ങൾ വിലയിരുത്തി. 1948-ൽ ചെറിയതോതിൽ ആരംഭിച്ച കരിയംപ്ലാവ് കൺവൻഷൻ ഇത്രത്തോളം വളരാൻ സഹായിച്ച ദൈവത്തിനു സ്തോത്രങ്ങൾ അർപ്പിച്ചു. പാസ്റ്റർ കെ. എം. പൗലോസിന്റെ പ്രാർഥനയോടെ യോഗം ആരംഭിച്ചു. കൺവൻഷൻ സ്ഥിരം സ്റ്റേജിന്റെയും വാട്ടർടാങ്കിന്റെയും നിർമാണം നടന്നുവരുന്നു. ഒരു സമയത്ത് അഞ്ഞൂറുപേർക്ക് ഇരുന്നു കഴിക്കാവുന്ന ഭക്ഷണശാലയിൽ കൺവൻഷനിൽ സംബന്ധിക്കുന്ന മുഴുവൻ വിശ്വാസികൾക്കും ഉച്ചയ്ക്കും വൈകിട്ടും ഭക്ഷണം നൽകും.

വിവിധ സംസ്ഥാനങ്ങളിൽ നിന്നെത്തുന്ന വിശ്വാസികൾക്കു പുറമെ അമേരിക്ക, യൂറോപ്പ്, ഗൾഫ് എന്നിവിടങ്ങളിൽ നിന്നെത്തുന്നവരും പങ്കെടുക്കും. പാസ്റ്റർ സി. പി. ഐസക് ജനറൽ കൺവീനറായി പാസ്റ്റർമാരായ കെ. ജി. പ്രസാദ്, ജെയിംസ് വി. ഫിലിപ്പ്, ജി. ഗബ്രിയേൽ, സി.എം. സാബു, എൻ. ജെ. ജോസഫ്, കെ.ജി. പ്രസാദ്, സജി ചെറിയാൻ തുടങ്ങിയവരടങ്ങുന്ന വിവിധ കമ്മറ്റികൾ പ്രവർത്തിക്കുന്നു.

മുഖ്യയോഗങ്ങൾക്കു പുറമെ പൊതുയോഗങ്ങൾ, പവ്വർ കോൺഫ്രൻസുകൾ, ബൈബിൾ സ്റ്റഡി, പ്രതിനിധി സമ്മേളനം, സഹോദരി സമ്മേളനം, സണ്ടേസ്കൂൾ-യുവജന സമ്മേളനം, മിഷനറി സമ്മേളനം, പെന്തെക്കോസ്ത് ഐക്യസമ്മേളനം, സ്നാനം, സംയുക്ത സഭായോഗം എന്നിവ ഉണ്ടായിരിക്കും. സ്റ്റേറ്റ്-റീജിയൻ ഡയറക്ടർമാരായ പാസ്റ്റർമാരായ ഡി.സി. എച്ച്. ബർദൻ, ജോഷ്വാ, ജി. ഗബ്രിയേൽ, എം. എം. മത്തായി എന്നിവർ നേതൃത്വം നൽകും.

## ന്യൂ ഇന്ത്യാ ദൈവസഭ ജനറൽ കൺവൻഷൻ ജനുവരി 10 മുതൽ 14 വരെ

**ചിങ്ങവനം:** ന്യൂ ഇന്ത്യാ ദൈവസഭ ജനറൽ കൺവൻഷൻ ജനുവരി 10 മുതൽ 14 വരെ സഭാ ആസ്ഥാനമായ ചിങ്ങവനം ബെഥേസ്ദാ നഗറിൽ നടക്കും. പ്രസിഡന്റ് പാസ്റ്റർ വി.എ. തമ്പി ഉദ്ഘാടനം ചെയ്യും. ജനറൽ സെക്രട്ടറി പാസ്റ്റർ ആർ. എബ്രഹാം, പാസ്റ്റർമാരായ ബാബു ചെറിയാൻ, എസ്. ശ്രീനിവാസ് ദുബായ് തുടങ്ങിയവർ പ്രസംഗിക്കും. ബൈബിൾ ക്ലാസ്, പാസ്റ്റേഴ്സ് മീറ്റിംഗ്, സഹോദരീസമ്മേളനം, സണ്ടേസ്കൂൾ - വൈപിസിഎ സമ്മേളനം, മിഷൻ സമ്മേളനം, മിഷൻ മീറ്റിംഗ് മുതലായവ നടക്കും. ക്രൈസ്റ്റ് ഫോർ ഇന്ത്യാ സിംഗേഴ്സ് ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകും. ഞായറാഴ്ച സഭായോഗത്തോടു കൂടെ കൺവൻഷൻ സമാപിക്കും.

പ്രൊഫസർ മാത്യു ജേക്കബ് ജനറൽ കൺവീനറായും ഷിബു സഖറിയ കൺവീനറായും വിവിധ കമ്മറ്റികളെ തിരഞ്ഞെടുത്തു. പ്രൊഫ. പി. കെ. മത്തായി (ജനറൽ കോ-ഓർഡിനേറ്റർ), പാസ്റ്റർമാരായ റ്റി.എം. കുരുവിള (അഡ്വൈസറി ബോർഡ്), സജു. കെ. ജോസഫ് (പ്രാർഥന) ബിജു തമ്പി (പ്രോഗ്രാം), റെജി. പി. കുരുവിള (ക്വയർ), രാജേഷ്. സി (മീഡിയ), സിജി എബ്രഹാം (താമസം), സാബു ജോസഫ് (സ്റ്റേജ്), റ്റി.റ്റി. എബ്രഹാം (ഓഫറിംഗ്), ജെഗ്ഗി കുര്യാക്കോസ് (റിസപ്ഷൻ), റെജി എം. വർഗ്ഗീസ് (ലൈറ്റ് & സൗണ്ട്), പോൾ രാജ് (വോളണ്ടിയർ), സ്റ്റീഫൻ ജേക്കബ് (ബുക്ക്

(ശേഷം പേജ് 3)

## ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് കൺവൻഷൻ

**മുളക്കുഴ:** ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് 95-ാമതു കൺവൻഷൻ 2018 ജനുവരി 22-28 വരെ തിരുവല്ല രാമൻചിറയിലുള്ള സഭാസ്റ്റേഡിയത്തിൽ നടക്കും.സ്വദേശത്തും വിദേശത്തുമുള്ള അനേകം ദൈവദാസന്മാർ ദൈവവചനം ശുശ്രൂഷിക്കും. പാസ്റ്റർ വൈ. ജോസിന്റെ നേതൃത്വത്തിൽ കൺവൻഷൻ ക്വയർ ഗാനങ്ങൾ ആലപിക്കും. "ആത്മാവിൽ എരിവുള്ളവരായി കർത്താവിനെ സേവിപ്പിൻ" (റോമ. 12:11) എന്നതാണു ചിന്താവിഷയം. സെപ്റ്റംബർ 27 - 2018 ജനുവരി 15 വരെ കൺവൻഷന്റെ അനുഗ്രഹത്തിനായി ഉപവസിച്ച് പ്രാർഥിക്കുന്നതിനായി പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. എല്ലാ കൺവൻഷൻ കൺവീനർമാരും

(ശേഷം പേജ് 3)

## ഏജി പുനലൂർ കൺവൻഷൻ ജനുവരി 23 – 28 വരെ

**പുനലൂർ:** ഏജി മലയാളം ഡിസ്ട്രിക്ട് കൺവൻഷൻ ജനുവരി 23-28 വരെ പുനലൂർ ഏജി കൺവൻഷൻ ഗ്രൗണ്ടിൽ നടക്കും. സഭാസുപ്രണ്ട് പാസ്റ്റർ ടി.ജെ. സാമുവേൽ ഉദ്ഘാടനം ചെയ്യും. ചൊവ്വ മുതൽ ശനി വരെ വൈകിട്ട് പൊതുയോഗങ്ങളിൽ അഭിഷിക്തരായ ദൈവദാസന്മാർ പ്രസംഗിക്കും. ഏജി ക്വയർ ഗാനങ്ങൾ ആലപിക്കും. ബുധൻ, വ്യാഴം ദിവസങ്ങളിൽ പകൽ 9-5 വരെ ശുശ്രൂഷകസമ്മേളനം നടക്കും. വെള്ളിയാഴ്ച രാവിലെ മിഷൻ സമ്മേളനവും ഉച്ചകഴിഞ്ഞ് ഓർഡിനേഷനും ശനിയാഴ്ച രാവിലെ സണ്ടേസ്കൂൾ സമ്മേളനവും ഉച്ചകഴിഞ്ഞ് സിഎ (യുവജന) സമ്മേളനവും നടക്കും. സണ്ടേസ്കൂൾ സമ്മേളനത്തിനു സുനിൽ പി. വർഗീസും സിഎ യോഗത്തിനു റോയിസൺ ജോണിയും നേതൃത്വം നൽകും. ഞായറാഴ്ച പകൽ സംയുക്ത സഭായോഗത്തോടെ കൺവൻഷൻ സമാപിക്കും.

തൃശൂർ മുതൽ തിരുവനന്തപുരം വരെയുള്ള എട്ടു ജില്ലകളിൽ നിന്നായി 15,000 ലധികംപേർ സഭായോഗത്തിൽ സംബന്ധിക്കുമെന്ന് കണക്കാക്കുന്നു. ജനറൽ കൺവൻ

(ശേഷം പേജ് 7)

ക്രിസ്ത്യൻ വേൾഡ്
1193 തുലാം - വൃശ്ചികം

## തകരുന്ന പെന്തെക്കോസ്തു കുടുംബങ്ങൾ

കുടുംബ ബന്ധങ്ങൾക്ക് എക്കാലവും പരിപാവനത കല്പിക്കുന്ന സമൂഹമാണ് കേരളം. സമൂഹത്തിന്റെ നിലനില്പിന് കുടുംബങ്ങളുടെ ദൃഢത ആവശ്യമാണ്. ഇത് മൂല്യാധിഷ്ഠിത കുടുംബങ്ങളായാൽ സമൂഹത്തിന് മാതൃകയാവാൻ കഴിയും. എന്നാൽ സ്ഥിതിയാകെ മാറുന്നു. ശിഥിലമാക്കപ്പെടുന്ന കുടുംബങ്ങളാണിന്നുള്ളത്. ഇതിനെ 'കുടുംബം' എന്നു കൂടി പറയുവാൻ സാധ്യമല്ല.

അന്യജാതിമതസ്ഥരിൽ മാത്രം കണ്ടുവന്നിരുന്ന കുടുംബശിഥിലീകരണം ക്രിസ്തീയ കുടുംബങ്ങളെയും അതിവേഗം കാർന്നുതിന്നുകയാണ്. പരസ്പരം ബഹുമാനവും ഐക്യതയില്ലായ്മയും കുടുംബത്തകർച്ചയിലേക്ക് നയിക്കുന്നു. ഭാര്യ- ഭർത്തൃ-ബന്ധത്തിന് വിള്ളൽ സംഭവിക്കുന്നത് മിക്കപ്പോഴും പരസ്പരം വിശ്വാസം നഷ്ടപ്പെടുമ്പോഴാണ്. പരസ്പരം അവിശ്വസിച്ച് കുറ്റങ്ങൾ മാത്രം കണ്ടുപിടിച്ച്, ഭാവിയെ സ്വയം ശപിച്ച് പരബന്ധങ്ങളിലേക്ക് വഴുതിവീഴുന്ന സമൂഹം. 'വക്രതയും കോട്ടവും ഉള്ള' തലമുറ എന്ന് പൗലൊസ് പറഞ്ഞത് എത്രശരിയാണ്. വഴിപിഴച്ചുപോകുന്ന, തന്നിഷ്ടക്കാരാകുന്ന, സന്മാർഗ്ഗിക അധഃപതനമുള്ള കുടുംബങ്ങളായി മാറുന്നു.

പെന്തെക്കോസ്തു കുടുംബങ്ങളും വിഭിന്നമല്ല. വിശുദ്ധിയുടെ ഉച്ചകോടിയിൽ നില്ക്കുന്ന കുടുംബങ്ങൾപോലും ഒരുനിമിഷം കൊണ്ട് തകർന്നുവീഴുന്നു. ദൈവം യോജിപ്പിച്ചതിനെ വേർപെടുത്താൻ ആഗ്രഹിക്കുന്നവർ. പെന്തെക്കോസ്തിൽ വിവാഹമോചനം ക്രമാതീതമായി വർധിക്കുന്നു. പാശ്ചാത്യസംസ്കാരം ആഗോള പ്രതിഭാസമാകുന്നു. പരസ്പരവിശ്വാസം നഷ്ടപ്പെട്ടാൽ കൊലപാതകം ചെയ്യാനും മടിക്കില്ല എന്ന സ്ഥിതിയിലേക്ക് പെന്തെക്കോസ്തു സമൂഹം നിപതിച്ചിരിക്കുന്നു. ഏറ്റവും അടുത്ത ഉദാഹരണമാണ് ആലപ്പുഴ ജില്ലയിലെ പള്ളിപ്പാട് നടന്ന ഷീബ വധം. ഇതൊരു എസ്എംഎസ് കൊലപാതകമായിരുന്നു. പരപുരുഷബന്ധത്തിന്റെ പേരിൽ ഭർത്താവ് ഭാര്യയെ വെട്ടി കൊലപ്പെടുത്തുന്നു. നമ്മുടെ സമൂഹത്തിൽ ഉപദേശം നല്കാൻ കഴിയുന്ന, പ്രാപ്തിയുള്ള ശുശ്രൂഷകന്മാരും കൗൺസിലിംഗ് ഡിഗ്രിയുള്ളവരും ഉള്ളപ്പോൾ തന്നെ ഈ സംഭവങ്ങൾ ഉണ്ടാകുമ്പോൾ അത് സംഭവിക്കാൻ പാടില്ലാത്തതായിരുന്നു എന്നു തോന്നും. ഒരു 'എസ് എംഎസി' ന് കൊലപാതകത്തിൽ എത്തിക്കാൻ വരെ ശക്തിയുണ്ടെങ്കിൽ വിവരസാങ്കേതിക വിദ്യയുടെ സ്വാധീനം അധഃപതനത്തിലേക്കു നയിക്കുന്നു. ഇവിടെ മൂല്യങ്ങൾക്ക് വിലയില്ലാതാകുന്നു. ക്രിസ്തീയ ഉപദേശങ്ങൾ കാറ്റിൽ പറത്തുന്നു. ആർക്കും ആരെയും തിരുത്തുവാൻ സാധിക്കുന്നില്ല. ക്രിസ്തീയ മൂല്യങ്ങൾ അരക്കിട്ട് ഉറപ്പിക്കേണ്ട നമ്മുടെ കുടുംബങ്ങളും വ്യക്തികളും തകരുന്നത് കണ്ട് സന്തോഷിക്കുന്നവരും വേദനിക്കുന്നവരും ഉള്ള ഈ തലമുറയിൽ വചനാധിഷ്ഠിത മൂല്യങ്ങളിലേക്ക് മടങ്ങിവരണം. ഘനമേറിയ വചനസത്യങ്ങൾ ഹൃദയങ്ങളിൽ രൂഢമൂലമാകാത്തതുകൊണ്ട് നിരാശയുണ്ടാകുമ്പോൾ, ഭീതിയുണ്ടാകുമ്പോൾ, പ്രതീക്ഷിച്ച നേട്ടം കൈവരിക്കാൻ കഴിയാതെവരുമ്പോൾ, അന്യന്റെ ഉയർച്ചയിൽ ഞെട്ടുമ്പോൾ ഇങ്ങനെ നിരവധി കാരണങ്ങളാൽ ബന്ധം ശിഥിലമാക്കപ്പെടുകയും ഒടുവിൽ ആത്മഹത്യയിലും കൊലപാതകത്തിലും അവസാനിക്കുകയാണ്. ജീവനോടെ ഇരുന്ന് ദൈവിക നന്മകളെ ആസ്വദിക്കേണ്ട നാം പിശാചിന്റെ തന്ത്രങ്ങളിൽ വീണുപോകരുത്. കുറുക്കുവഴികൾ തേടുന്നത് ആപത്താണ്. കുടുംബബന്ധങ്ങളുടെ പരിപാവനതയെ ദൃഢമാക്കുന്ന ദൈവികപ്രമാണങ്ങൾ സ്വാംശീകരിച്ച് സവിശേഷമായ ജീവിതത്തിലൂടെ മറ്റുള്ളവർക്ക് മാതൃകയാവുക. വിമർശനങ്ങൾക്കും ചോദ്യംചെയ്യലുകൾക്കും അതീത സംതൃപ്ത കുടുംബങ്ങളായി പെന്തെക്കോസ്തു കുടുംബങ്ങൾ തീരട്ടെ. ഇവർക്ക് ആവശ്യമായ ബോധവത്ക്കരണം നല്കാൻ സഭയും സംഘടനകളും തയ്യാറാകണം. ഇനിയൊരു പള്ളിപ്പാട് ദുരന്തം കൂടി നമ്മുടെ സമൂഹത്തിൽ ഉണ്ടാകാതിരിക്കട്ടെ. കരയാം മൂല്യാധിഷ്ഠിത കുടുംബബന്ധങ്ങൾക്കായി.

**ഇതിലെ ലേഖനങ്ങളുടെ ഉത്തരവാദിത്വം എഴുത്തുകാർക്കു മാത്രമാണ്.**



# മാതൃക

കൗമാരം ഇന്ന് പ്രതിക്കൂട്ടിലാണ്. മോശം എന്ന് സമൂഹം കരുതുന്ന കാര്യങ്ങളെല്ലാം മൊത്തമായി ഇന്ന് കൗമാരക്കാരുടെ തലയിൽ വെച്ചുകെട്ടിയിരിക്കുകയാണ്. മാതാപിതാക്കളും മാധ്യമങ്ങളും കൗമാരക്കാരെ പലവിധത്തിൽ ചിത്രീകരിച്ചുകൊണ്ടിരിക്കുന്നു എന്നതാണ് സത്യം. പൊതുസമൂഹത്തിലെ മോശം പ്രവണതകൾക്കപ്പുറം അവർക്ക് മുമ്പിൽ ഒരു നല്ല ഭാവി ഉണ്ട് എന്ന് ചൂണ്ടിക്കാട്ടി നേരായ മാർഗത്തിലേക്ക് കൈപിടിച്ചു നയിക്കുവാൻ അല്ലെങ്കിൽ അനുകരണവാസന മുന്തിനില്ക്കുന്ന ഈ പ്രായത്തിൽ കുട്ടികൾക്ക് അനുകരിക്കാൻ നല്ല മാതൃകകളെ നല്കാൻ സമൂഹത്തിന് കഴിയാത്തതാണ് യഥാർഥപ്രശ്നം.



പാസ്റ്റർ പ്രിൻസ്കോശി,
മണക്കാല

ഇന്ന് ലോകജനസംഖ്യയുടെ അഞ്ചിൽ ഒന്ന് കൗമാരക്കാരാണ്. അതായത് ഏതാണ്ട് 125 കോടിയിലധികം, 10–19 പ്രായക്കാരാണ് എന്ന് ലോകാരോഗ്യസംഘടനയുടെ കണക്കുകൾ തെളിയിക്കുന്നു. വിചാരിക്കുന്നതിനെക്കാൾ വേഗത്തിൽ ശരീരം വളരുകയും വികാരം വിവേകത്തെ കീഴടക്കുകയും ചെയ്യുന്ന കൗമാരപ്രായത്തിലെ അനാരോഗ്യപ്രവണതകളാണ്. പിന്നീട് നമ്മുടെ സമൂഹത്തെ തന്നെ നശിപ്പിച്ചുകളയുന്നത്.

പ്രഭാതംപോലെ ഊർജ്ജം പ്രസരിക്കുന്ന ഈ പ്രായത്തിൽ വരുംവരായ്കകളുടെ ആലോചനകളില്ലാത്ത ആഘോഷകാലമാണിത്.

ലുക്കിലും ഫിഗറിലുമൊക്കെ വെറൈറ്റിവരുത്തി നാലുപേരെക്കൊണ്ട് പറയിപ്പിക്കലാണ് ഈ പ്രായത്തിലെ പ്രധാനപരിപാടി. ആൺകുട്ടികൾ രാവിലെയും വൈകിട്ടും ജിമ്മുകളിൽ തകർത്ത് പണിയെടുക്കുമ്പോൾ, മുടിയും പുരികവുമൊക്കെ പ്ലെക്ക് ചെയ്ത്, മുടി സ്ട്രെയ്റ്റ് ചെയ്തും നിറം മാറ്റിയും കുമാരികൾ കണ്ണാടിക്കു മുമ്പിൽ തപസിരിക്കും. പരീക്ഷയ്ക്ക് ലഭിക്കുന്ന മാർക്കിനെക്കാൾ അവരെ അസ്വസ്ഥരാക്കുന്നത് നെറ്റിയിൽ വന്ന മുഖക്കുരുവായിരിക്കും. ഈ വെപ്രാളങ്ങളും കാട്ടിക്കൂട്ടലുകളുമൊക്കെ അർഥം മറിഞ്ഞുള്ള കാൽവെയ്പുകളല്ല പകരം കാലത്തിനൊത്തുള്ള താളംചവിട്ടാണ്.

ശലോമോൻ എന്ന ജ്ഞാനികളിൽ ജ്ഞാനിയുടെ വാക്കുകൾ ഇന്നത്തെ യുവജനങ്ങൾ അർഥം കല്പിച്ച് അംഗീകരിക്കേണ്ടതാണ്. "നിന്റെ യൗവ്വനശക്തി അന്യന്മാർക്കും നിന്റെ ആണ്ടുകൾ ക്രൂരന്മാർക്കും കൊടുക്കരുത്" (സദൃ. 5:9). യൗവ്വനത്തിൽ സൃഷ്ടാവിനെ അറിയുകയും ജീവിതം അവനായി മാറ്റുകയും ചെയ്യുന്നത് ഒരു കുറച്ചിലായി സമൂഹം മുഴുവനും, എന്തിനേറെ സ്വന്തം മാതാപിതാക്കൾ പോലും വ്യാഖ്യാനിക്കുന്ന ഒരു വല്ലാത്ത കാലമാണിത് എന്ന് മറക്കരുത്.

ഉപവസിക്കുവാനും പ്രാർഥിക്കുവാനും തീരുമാനമെടുത്ത് യൗവ്വനക്കാർ മുമ്പോട്ട് വരുമ്പോൾ പല കാരണങ്ങൾ നിരത്തി (മക്കൾ ക്ഷീണിച്ചുപോകും, പ്രായമാകട്ടെ ഇപ്പോൾ പഠിച്ചാൽ മതി...) ഏതുവിധേനയും അവരെ വിലക്കി നിർത്തുന്ന മാതാപിതാക്കൾ ഓർത്തുകൊള്ളുക അധികം വൈകാതെ തലമുറയ്ക്കുവേണ്ടി നിങ്ങൾ ഏറെ കരയേണ്ടിവരും. ആത്മീയം കഴിഞ്ഞിട്ട് മതി ബാക്കി എല്ലാം എന്ന് തീരുമാനിക്കാനും ആ വിധത്തിൽ കുട്ടികളെ വളർത്തിയെടുക്കാനും ഉത്സാഹം കാണിക്കാത്ത മാതാപിതാക്കളും സമൂഹവും തന്നെയാണ് ഇന്നത്തെ തലമുറകൾ നാശത്തിലേക്ക് പോകാൻ പ്രധാനഉത്തരവാദികൾ.

ആത്മീകത്തിന് രണ്ടാം സ്ഥാനം കല്പിക്കുന്നവർ പരാജിതരുടെ പട്ടികയിൽ തന്നെയാണ്.

ഉത്തമ മാതൃക കാട്ടിക്കൊടുത്തിട്ടും വ്യക്തമായ ആത്മീയ നിർദേശങ്ങൾ നല്കിയിട്ടും ഉപദേശത്തെ കാറ്റിൽ പറത്തി മുമ്പോട്ട് പോകുന്ന തലമുറ താമസിയാതെ പ്രതികരിക്കാൻ പോകുന്ന പ്രതികരണവും ശലോമോൻ രേഖപ്പെടുത്തിയിരിക്കുന്നു.

"നിന്റെ മാംസവും ദേഹവും ക്ഷയിച്ചിട്ട് നീ ഒടുവിൽ നെടുവീർപ്പിട്ടുകൊണ്ട് അയ്യോ! ഞാൻ പ്രബോധനം വെറുക്കുകയും എന്റെ ഹൃദയം ശാസനയെ നിരസിക്കുകയും ചെയ്തുവല്ലോ... സഭയുടെയും സംഘത്തിന്റെയും മധ്യെ ഞാൻ ഏകദേശം സകല ദോഷത്തിലും അകപ്പെട്ടുപോയല്ലോ" (സദൃ 5: 11–14) ഈ ചിന്ത നിശ്ചയമായും ഹൃദയത്തിൽ കടന്നുവരും.

മാതൃകാപരമായി ജീവിക്കുകയും ശരിയായ ഉപദേശം വചനാടിസ്ഥാനത്തിൽ തന്നെ പകർന്നുകൊടുക്കുകയും ചെയ്യാൻ യൗവ്വനക്കാരെ കുറ്റപ്പെടുത്തുകയും കളിയാക്കി അംഗീകരിക്കാതിരിക്കുകയും ചെയ്യുന്നവർ തയ്യാറാകുന്നുവെങ്കിൽ പെന്തെക്കോസ്തിന്റെ ചരിത്രം അസ്തമിക്കാതെ അതിന്റെ പാവനതയിൽ മുമ്പോട്ട് കൊണ്ടുപോകുവാൻ കഴിയും. പ്രായമുള്ളവർ ചെറുപ്പക്കാരെ തിരഞ്ഞുപിടിച്ച് കുറ്റപ്പെടുത്തുന്നത് നിർത്തി ഒരുമിച്ച് കൈകോർക്കാം. അനുഭവപരിചയവും യൗവ്വനത്തുടിപ്പും ഒരുപോലെ യേശുവിനായി പ്രയോജനപ്പെടട്ടെ.

**മാതൃകാപരമായി ജീവിക്കുകയും ശരിയായ ഉപദേശം വചനാടിസ്ഥാനത്തിൽ തന്നെ പകർന്നുകൊടുക്കുകയും ചെയ്യാൻ യൗവ്വനക്കാരെ കുറ്റപ്പെടുത്തുകയും കളിയാക്കി അംഗീകരിക്കാതിരിക്കുകയും ചെയ്യുന്നവർ തയ്യാറാകുന്നുവെങ്കിൽ പെന്തെക്കോസ്തിന്റെ ചരിത്രം അസ്തമിക്കാതെ അതിന്റെ പാവനതയിൽ മുമ്പോട്ട് കൊണ്ടുപോകുവാൻ കഴിയും.**

**EDITORIAL BOARD**

Chief Editor : Reji Philip
Managing Editor : Sam T. Mukathala
Editor : D. Kunjumon Pothancode
Circulation Manager : Reji P. Paul

വാർഷിക വരിസംഖ്യ
120 രൂപ

പരസ്യനിരക്ക്
ഫുൾ പേജ് 10,000 രൂപ. ഹാഫ് പേജ് 5000 രൂപ
കോളം സെ. മീ. 70 രൂപ
വിവാഹപ്പരസ്യം 500 രൂപ

എല്ലാ മാസവും ഒന്നാം തീയതി പ്രസിദ്ധീകരിക്കുന്നു

വിലാസം
Christian World, Manganam P.O.,
Kottayam- 686 018, Kerala
Email:christianworldpathram@gmail.com
Ph: 8330079637
Ac No: 57002802965
SBI Manganam Branch IFS Code: SBIN 0070471

# ഉത്ക്കണ്ഠയും വിഷാദവും വേട്ടയാടുമ്പോൾ



**വിഷാദരോഗത്തെ ഭ്രാന്തായോ, ഭൂതബാധയായോ കണ്ട് മന്ത്രവാദിയെയോ പാസ്റ്റർമാരെയോ തേടിപ്പോകാതെ ജീവിതക്രമീകരണത്തിലൂടെ വിദഗ്ധസഹായത്തോടെ, ആത്മീയ ജീവിതത്തിലൂടെ പരിഹരിക്കാം.**

**ഡഗ്ലസ് ജോസഫ്**

സാബുവിന്റെ ജീവിതം വളരെ സന്തോഷകരമായി മുന്നോട്ടുപോകുമ്പോഴാണ് എല്ലാം തകിടംമറിഞ്ഞത്. ഭാര്യയും രണ്ടു കുട്ടികളുമുള്ള സന്തുഷ്ടകുടുംബം. സ്വകാര്യകമ്പനിയിൽ മാനേജരായിരുന്നു സാബു. അത്യാവശ്യം നല്ല സാമ്പത്തിക ചുറ്റുപാട്. എല്ലാവരോടും കളിച്ചുചിരിച്ച് തമാശകൾ പറഞ്ഞ് ഇടപെട്ടിരുന്ന സാബു തീർത്തും സംസാരിക്കാതെയായി. ഓഫീസിൽ കീഴ്ജീവനക്കാരോട് ചെറിയ കാര്യങ്ങൾക്കുപോലും തട്ടിക്കയറാൻ തുടങ്ങി. വീട്ടിലെത്തിയാൽ അധികം വർത്തമാനമില്ല. പെട്ടെന്നു ദേഷ്യം പിടിക്കാൻ തുടങ്ങി. എന്തോ ഭയം, ആകുലത നിഴലിക്കുന്ന മുഖവും ശരീരഭാഷയും. മുറിയിൽ ഒറ്റയ്ക്ക് ഇരിക്കാനായി താൽപര്യം. ദേഷ്യംപിടിച്ച് തട്ടിക്കയറുമെന്നതിനാൽ എന്താ പ്രശ്നമെന്നു ചോദിക്കാൻ ഭാര്യയും, ഓഫീസിലെ സഹപ്രവർത്തകരും മടിച്ചു. ഒടുവിൽ ഭാര്യ അടുത്തബന്ധുവിനെ വിളിച്ചുവരുത്തി, നിർബന്ധിച്ച് സാബുവിനെയും കൂട്ടി ഒരു ഡോക്ടറെ കണ്ടപ്പോഴാണ് സാബുവിന്റെ മനസ്സിനെ അലട്ടിയിരുന്ന ഭയത്തെപ്പറ്റി അറിഞ്ഞത്. തനിക്കെന്തോ മാരകരോഗം ഉണ്ടെന്നും താൻ മരിച്ചാൽ ഭാര്യയുടെയും മക്കളുടെയും അവസ്ഥയെപ്പറ്റി ഓർത്താണ് തനിക്ക് കടുത്ത മാനസിക പിരിമുറുക്കവും, തൽഫലമായി വിഷദരോഗവും പിടിപെട്ടതെന്നും വെളിപ്പെട്ടത്. ഇടയ്ക്കിടെ വരുന്ന നെഞ്ചുവേദനയാണ് സാബുവിനെ പേടിപ്പിച്ചത്. ഡോക്ടറുടെ വിശദമായ പരിശോധനും ലാബ്ടെസ്റ്റുകളും സാബുവിനു അസിഡിറ്റിയുടെ പ്രശ്നം മാത്രമാണുള്ളതെന്നു കണ്ടെത്തി. അതോടെ സാബുവിന്റെ ഉത്ക്കണ്ഠകളും വിഷദാരോഗവും പമ്പകടന്നു. വീണ്ടും സന്തോഷകരമായ ജീവിതത്തിലേക്ക് എത്തി.

സാബുവിന്റേത് ഒറ്റപ്പെട്ട കേസല്ല. ഇന്നു മലയാളി വിഷാദരോഗത്തിന്റെ പിടിയിലാണ്. ഇന്ത്യയിൽ ഏറ്റവുമധികം ആത്മഹത്യചെയ്യുന്ന സംസ്ഥാനമാണ് കേരളം. മിക്കവാറും കേസുകളിൽ വിഷാദരോഗം ശ്രദ്ധിക്കപ്പെടാതെപോകുന്നു. ശാരീരികാരോഗ്യം നേടാൻ ജിമ്മിൽ പോകുന്ന മലയാളികൾ, മാനസികാരോഗ്യം പരിപാലിക്കാൻ ഒന്നും ചെയ്യുന്നില്ല എന്നത് വിരോധാഭാസമാണ്.

ലോകാരോഗ്യ സംഘടനയുടെ നേതൃത്വത്തിൽ ഒക്ടോബർ പത്ത് ലോകമാനസികാരോഗ്യദിനമായി ആചരിക്കുന്നു. ഇത്തവണ വിഷാദരോഗമാണ് തീം. ഡിപ്രഷൻ (വിഷാദരോഗം) ഉത്ക്കണ്ഠ എന്നിവയെ പ്രതിരോധിക്കാൻ 'മാനസികാരോഗ്യം ജോലിസ്ഥലത്ത്' എന്ന തീം ഇത്തവണത്തെ ലോകമാനസിക ആരോഗ്യദിനത്തിനായി തിരഞ്ഞെടുത്തിരിക്കുന്നു.

ലോകത്താകമാനം 300 മില്യൻ ആളുകൾ ഡിപ്രഷൻ ബാധിക്കപ്പെട്ടിരിക്കുന്നു. 260 മില്യൻ ആളുകൾ ഉത്ക്കണ്ഠ മൂലം പ്രയാസപ്പെടുന്നു. ഇതുമൂലം ആത്മഹത്യകൾ, ഹൃദ്രോഗം, ബിപി, മാനസികരോഗങ്ങൾ, ഭ്രാന്ത്, ജോലി നഷ്ടപ്പെടൽ, വിവാഹമോചനം, കുട്ടികളുടെ പഠനത്തിലെ പിന്നോക്കംപോകൽ, പരീക്ഷ പരാജയം, വാഹനാപകടങ്ങൾ ഇവ പെരുകുന്നു. പക്ഷേ, ദൗർഭാഗ്യമെന്നു പറയട്ടെ, വിഷാദം, അമിതമായ ഉത്ക്കണ്ഠ ഇവ മാനസികരോഗങ്ങളാണെന്നും ഇവ തക്കസമയത്തു ചികിത്സിക്കണമെന്നും വിദ്യാഭ്യാസത്തിൽ മുന്നിൽ നിൽക്കുന്ന മലയാളികൾപോലും വിസ്മരിക്കുന്നു. നമ്മുടെ വീട്ടിൽ, അയൽപക്കത്ത്, ജോലിസ്ഥലത്ത്, സ്കൂളിൽ ഒക്കെ മാനസികപിരിമുറുക്കം മൂലം പലരും ഉണ്ടായിരുന്ന ഊർജസ്വലത നഷ്ടപ്പെട്ട് മൂകതയിലേക്കും ഒറ്റപ്പെടലിലേക്കും നിരാശയിലേക്കും വഴുതിമാറുന്നത് നാം ശ്രദ്ധിക്കാതെ വിടരുത്. ഒന്നു മനസ്സുതുറന്നു സംസാരിച്ചാൽ, കൗൺസലിങ്ങിനു വിധേയമായാൽ, കടുത്ത വിഷാദരോഗമുള്ളവർക്ക് ഡോക്ടറുടെ നിർദേശപ്രകാരം ആന്റി ഡിപ്രഷന്റ് മരുന്നുകൾ കൊടുത്താൽ ഈ പ്രശ്നങ്ങൾ പരിഹരിക്കാം. എന്താണ് വിഷാദരോഗം? അമിതമായ ഉത്ക്കണ്ഠ ഒരു രോഗമാണോ? വിഷാദരോഗത്തിന്റെ ലക്ഷണങ്ങൾ ഏവ? വിഷാദരോഗത്തിന്റെ ലക്ഷണങ്ങൾ കാണിക്കുന്ന ഒരു കുടുംബാംഗത്തെ, സുഹൃത്തിനെ, സഹപാഠിയെ, സഹപ്രവർത്തകനെ എങ്ങനെ സഹായിക്കാം?

നാമെല്ലാവരും പലവിധ ദുഃഖങ്ങളും പിരിമുറുക്കങ്ങളും അനുഭവിക്കുന്നവരാണ്. സാധാരണ ചില ദിവങ്ങൾക്കുശേഷം പതിയെ അതെല്ലാം ഇല്ലാതാകും. ഇതിനെ നമുക്കു പിരിമുറുക്കം എന്നു വിളിക്കാം. എന്നാൽ, രണ്ടാഴ്ചയ്ക്കുമേൽ പിരിമുറുക്കം നീണ്ടാൽ പതിയെ ഒരാൾ വിഷാദരോഗത്തിന് അടിമയാകും. വിഷാദരോഗത്തിന് രണ്ടു തലമുണ്ട്. ഉദാഹരണത്തിന് പരീക്ഷയിലെ പരാജയം ഒരു വിദ്യാർഥിയെ വളരെ ദുഃഖത്തിലും നിരാശയിലും ആക്കും. ഇതു തലച്ചോറിലെ നാഡീപ്രേഷണ വ്യവസ്ഥയിലെ ക്രമക്കേടിലേക്കു നയിക്കും. ദുഃഖവും പിരിമുറുക്കവും മാറാതെ നിൽക്കുമ്പോൾ ശരീരം ഉൽപാദിപ്പിക്കുന്ന ചില ഹോർമാണുകൾ മാനസിക താളം തെറ്റലിനു കാരണമാക്കും.

**ഡിപ്രഷന്റെ ലക്ഷണങ്ങൾ**

മാനസികപ്രയാസങ്ങൾ, ദുഃഖഭാരം

ഒന്നിലും ഒരു താൽപര്യമില്ലാതിരിക്കുക.

സംസാരം കുറഞ്ഞ് മൂഡിയായി കാണപ്പെടുക.

ഒറ്റയ്ക്കിരിക്കാൻ ഇഷ്ടം. മുറിയിൽ തന്നെ ഒതുങ്ങിക്കൂടുക.

അകാരണമായ ഭയം, ആശങ്കകൾ.

ഉറക്കമില്ലായ്മ, വിശപ്പില്ലായ്മ.

എപ്പോഴും ക്ഷീണം, തളർച്ച

നിരാശയുടെ വാക്കുകൾ, ജീവിതം അർഥമില്ലയെന്നും പരാജയമെന്നും ഒക്കെ സ്വയം കുറ്റപ്പെടുത്തിയുള്ള സംസാരം.

ആത്മഹത്യ സൂചന നൽകുന്ന, ഇനി എന്തിനു ജീവിക്കണം തുടങ്ങിയ വാക്കുകൾ.

രണ്ടാഴ്ചയിൽ കൂടുതൽ നമ്മുടെ പ്രിയപ്പെട്ടവർക്കോ, മറ്റുള്ളവർക്കോ ഇത്തരം അവസ്ഥകൾ കണ്ടാൽ, ഇടപെടുന്നതിനു മടിക്കരുത്.

**കുട്ടികളിലെ വിഷാദരോഗലക്ഷണങ്ങൾ**

കുട്ടികളിൽ ഉണ്ടാകുന്ന വിഷാദരോഗലക്ഷണങ്ങൾ മാതാപിതാക്കളും അധ്യാപകരും അവഗണിക്കരുത്. പഠിത്തത്തിൽ ശ്രദ്ധിക്കാതിരിക്കുക, കൂട്ടുകാരുടെ കൂടെ കൂടാതെ തനിയെ ഇരിക്കുക, പെട്ടെന്നു ദേഷ്യം വരിക, വയറുവേദന, തലവദന കൂടെക്കൂടെ അനുഭവപ്പെടുക തുടങ്ങിയവ കുട്ടികളിൽ കണ്ടുവരുന്നു.

**വിഷാദരോഗത്തിന്റെ കാരണങ്ങൾ**

കുടുംബാംഗങ്ങൾ, ഉറ്റബന്ധുക്കൾ, സുഹൃത്തുക്കൾ എന്നിവരുടെ മരണം.

വിവാഹമോചനം, ജോലിനഷ്ടപ്പെടൽ.

വഴക്ക്, പിണക്കങ്ങൾ.

പാരമ്പര്യമായി ചില കുടുംബങ്ങളിൽ കണ്ടുവരുന്നത്.

പരീക്ഷാപരാജയം സാമ്പത്തിക പ്രയാസങ്ങൾ, കടം.

മാരകരോഗങ്ങൾ, പ്രേമനൈരാശ്യം.

**വിഷാദരോഗത്തിനു പ്രതിവിധി**

എന്നെ ഒന്നിനും കൊള്ളില്ല, ഞാൻ ഒരു പരാജയമാണ്, ആർക്കും എന്നെ വേണ്ട എന്നീ ചിന്തകൾ ആദ്യമേ മാറ്റിനിർത്തുക. ആരുമില്ലെങ്കിലും എനിക്കു ദൈവമുണ്ട് എന്നെ സഹായിക്കാൻ സംരക്ഷിക്കാൻ എന്ന ചിന്ത മനസ്സിൽ ഊട്ടിയുറപ്പിക്കുക. വ്യക്തിപരമായ പ്രാർഥന, മറ്റുള്ളവരുടെ പ്രാർഥനാസഹായം തേടൽ ഇവ മാനസികപിരിമുറുക്കം ലഘൂകരിക്കും.

പ്രാർഥനായോഗങ്ങൾ, ധ്യാനം, യോഗാപരിശീലനം തുടങ്ങിയവയിലെ പങ്കാളിത്തം മാനസികപിരിമുറുക്കം കുറയ്ക്കും.

ആവശ്യത്തിന് ഉറക്കം അനിവാര്യമാണ്. നേരത്തെ കിടക്കുകയും എഴുന്നേൽക്കുകയും ചെയ്യുക.

ഫെയ്സ്ബുക്ക്, വാട്സാപ്പ് ഇവയുടെ അമിതമായ ഉപയോഗം ഉറക്കത്തെ ബാധിക്കാതിരിക്കാൻ ശ്രദ്ധിക്കണം.

ജീവിതപങ്കാളിയോടോ, മാതാപിതാക്കളോടോ അടുത്ത സുഹൃത്തിനോടോ മനസ്സുതുറന്ന് സംസാരിക്കുക. നാം അഭിമുഖീകരിക്കുന്ന വിഷയങ്ങൾ തുറന്നുപറയുക.

ഡിപ്രഷൻ അമിതമാണെങ്കിൽ ഒരു സൈക്കോളജിസ്റ്റിന്റെയടുത്ത് കൗൺസലിങ് ചെയ്യുന്നത് പ്രയോജനകരമാണ്.

നീണ്ടകാലയളവിൽ വിഷാദരോഗം, അമിത ഉത്ക്കണ്ഠ ഇവ തുടർന്നാൽ ഡോക്ടറുടെ നിർദേശപ്രകാരം മരുന്നുകൾ കഴിക്കാവുന്നതാണ്.

നല്ല ആരോഗ്യം എന്നാൽ, മനസ്സിനും ശരീരത്തിനും ആരോഗ്യം എന്നതാണ്. സിക്സ്പായ്ക്ക് ബോഡികൊണ്ടോ, സ്ലിം ബ്യൂട്ടി ആയതുകൊണ്ടോ കാര്യമില്ല. നല്ല മാനസികാരോഗ്യം കൂടെ വേണം. വിഷാദരോഗത്തെ ഭ്രാന്തായോ, ഭൂതബാധയായോ കണ്ട് മന്ത്രവാദിയെയോ പാസ്റ്റർമാരെയോ തേടിപ്പോകാതെ ജീവിതക്രമീകരണത്തിലൂടെ വിദഗ്ധസഹായത്തോടെ, ആത്മീയ ജീവിതത്തിലൂടെ പരിഹരിക്കാം.

## ന്യൂ ഇന്ത്യാ ദൈവസഭ ജനറൽ കൺവൻഷൻ

(1-ാം പേജ് തുടർച്ച)

സ്റ്റാൾ), വർഗ്ഗീസ് റ്റി.വി. (ക്ലീനിംഗ്), ഷിബു മാത്യു (ഭക്ഷണം), ചാൾസ് ജോസഫ് (പരിഭാഷ), ഷാജി ജേക്കബ് (കർത്തൃമേശ), ബ്രദേഴ്സ് കെ.ഐ. മാത്യു (ഫിനാൻസ്), മജു പുന്നൂസ് (ഗതാഗതം), ഐപ്പ് കുര്യൻ (വാട്ടർ), മോഹൻ സി. സഖറിയ (ഓഫീസ് കമ്മ്യൂണിക്കേഷൻ), ചാക്കോ പി.കെ. (പന്തൽ) തുടങ്ങിയവർ വിവിധ കമ്മറ്റികളിൽ പ്രവർത്തിക്കുന്നു.

## ചർച്ച് ഓഫ് ഗോഡ് കൺവൻഷൻ

(1-ാം പേജ് തുടർച്ച)

കമ്മറ്റി അംഗങ്ങളും ജനറൽ കൺവൻഷന്റെ പ്രഥമ ദിവസം മുതൽ സമാപന ദിവസം വരെ നിർബന്ധമായും കൺവൻഷനിൽ പങ്കെടുക്കണമെന്ന് സ്റ്റേറ്റ് ഓവർസിയർ ഓർമ്മിപ്പിച്ചു. ജനുവരി 15 മുതൽ കൺവൻഷൻ സ്റ്റേഡിയത്തിൽ ഉപവാസപ്രാർഥന നടക്കും. പാസ്റ്റർമാരായ ജെ. ജോസഫ്, വൈ. റെജി, ജോൺസൻ ദാനിയേൽ എന്നിവർ നേതൃത്വം നല്കി. കൺവൻഷന്റെ അടുത്ത ആലോചനാ യോഗം നവംബർ 21ന് മുളക്കുഴയിൽ നടക്കും.

## പെന്തെക്കോസ്ത് മിഷൻ അന്തർദേശീയ യുവജന ക്യാംപ് നവംബർ 23 – 26 വരെ ചെന്നൈയിൽ

**ചാക്കോ കെ. തോമസ്**

**ചെന്നൈ:** ദി പെന്തെക്കോസ്ത് മിഷൻ സഭയുടെ അന്തർദേശീയ യുവജന ക്യാംപ് നവംബർ 23 – 26 വരെ ചെന്നൈ ഇരുമ്പല്ലിയൂർ കൺവൻഷൻ സെന്ററിൽ നടക്കും. സിലോൺ, മലേഷ്യ, ഓസ്ട്രേലിയ, അമേരിക്ക, ദുബായ് തുടങ്ങി വിദേശരാജ്യങ്ങളിൽ നിന്നും ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നുമുള്ള 25000ൽ പരം യുവതിയുവാക്കൾ പങ്കെടുക്കും. 'സ്വർഗീയ വിളി' എന്നതാണു ചിന്താവിഷയം.

സബ് ജൂനിയർ, ജൂനിയർ, സീനിയർ, സൂപ്പർ സീനിയർ എന്നീ ഗ്രൂപ്പുകളിൽ ബൈബിൾ കലാമത്സരങ്ങൾ ഉണ്ടായിരിക്കും. വേദപഠനത്തിനും ധ്യാനത്തിനുമായി സൂപ്പർസീനിയർ, സീനിയർ വിഭാഗത്തിന് എസ്ഥേറിന്റെ പുസ്തകവും സബ്ജൂനിയർ, ജൂനിയർ വിഭാഗത്തിഴ ഫിലിപ്പിയർ ലേഖനവും നൽകിയിട്ടുണ്ട്. വിവിധ ഭാഷയിലുള്ള ഗാനപരിശീലനം, ബൈബിൾ കിസ്, ഉണർവുയോഗം, ഡിബേറ്റ് എന്നിവ ഉണ്ടായിരിക്കും. 14-30 വയസ്സ് വരെയുള്ള അവിവാഹിതരായ യുവതിയുവാക്കൾക്കുള്ള പങ്കെടുക്കാം. പെന്തെക്കോസ്ത് മിഷൻ സഭയുടെ ഏറ്റവും വലിയ യുവജന ക്യാംപാണിത്. ക്യാംപിൽ പങ്കെടുക്കുന്ന യുവതിയുവാക്കൾക്ക് താമസവും ഭക്ഷണസൗകര്യവും കൺവൻഷൻ സെന്ററിൽ ഒരുക്കിയിട്ടുണ്ട്. സഭയുടെ പ്രധാനശ്രുശൂഷകർ നേതൃത്വം നൽകും.



# വാർദ്ധക്യത്തെ വസന്തമാക്കണം !



ടോംസ് ആന്റണി



ആലപ്പുഴ ജില്ലയിലെ ഒരു ബ്ലോക്ക് പഞ്ചായത്ത് സംഘടിപ്പിച്ച വയോജന സംഗമത്തിൽ വിവിധ പഞ്ചായത്തുകളിൽ നിന്നെത്തിയ 400 ഓളം വയോജനങ്ങൾക്ക് ക്ലാസ്സ് നയിക്കുവാനുള്ള ഭാഗ്യം കഴിഞ്ഞ വർഷം ഉണ്ടായി. മുന്നിലിരുന്ന ഒരു എഴുപതുകാരി അമ്മ എന്റെ ക്ലാസ്സ് തീരുന്നതുവരെ കണ്ണീരൊഴുക്കി എന്നെത്തന്നെ നോക്കിയിരിക്കുന്നതു ഞാൻ കണ്ടു. പരിപാടി അവസാനിച്ചപ്പോൾ ആ അമ്മ എന്റെ അടുത്തുവന്നു പറഞ്ഞു. "മോനേ, ഇരുപത്തിയഞ്ചുവർഷം മുൻപ് എന്റെ മകൻ മരിച്ചു. ഇന്ന് അവൻ ജീവിച്ചിരിപ്പുണ്ടായിരുന്നുവെങ്കിൽ ഇതേ പോലെ തന്നെ ഇരുന്നേനെ. മോനെ കണ്ടപ്പോൾ എന്റെ മോനെ ഞാൻ ഓർത്തുപോയി" എന്നെ കെട്ടിപ്പിടിച്ച് പൊട്ടിക്കരഞ്ഞുകൊണ്ട് ആ അമ്മ പറഞ്ഞപ്പോൾ എന്റെ ഉള്ളും പിടഞ്ഞു. ഇരുപത്തിയഞ്ചു വർഷം മുൻപ് മരിച്ച എന്റെ മകനെ നീറുന്ന വേദനയുമായി ഇന്നും ഓർത്തിരിക്കുന്ന ഒരമ്മ! അങ്ങനെ എത്രയെത്ര അമ്മമാരാണ് നമ്മുടെ നാട്ടിൽ ഇന്നും ഹൃദയവേദനയോടെ ജീവിതം മുന്നോട്ടുനയിക്കുന്നത്. ഇങ്ങനെയുള്ള വൃദ്ധജനങ്ങൾ ഇപ്പോഴും മക്കളെ ഓർക്കാറുണ്ട്. തിരിച്ച് മക്കൾ തങ്ങളുടെ വൃദ്ധരായ മാതാപിതാക്കളെ ഓർമ്മിക്കാറുണ്ടോ?

**വാർദ്ധക്യകാലം**

ബാല്യം പോലെ തന്നെ വളരെ പ്രത്യേകതയുള്ള ജീവിതചക്രത്തിന്റെ അവസ്ഥയാണ് വാർദ്ധക്യം. ആരോഗ്യരംഗത്തുണ്ടായ പുരോഗതി മൂലം ആയുർദൈർഘ്യത്തിന്റെ കാര്യത്തിൽ ക്രമാതീതമായ വർദ്ധനവാണ് കഴിഞ്ഞ വർഷത്തിനിടയിൽ ഉണ്ടായിട്ടുള്ളത്.

60 വയസ്സിനുമേൽ പ്രായമുള്ളവരെയാണ് വയോജനങ്ങൾ എന്ന് പൊതുവെ വിളിക്കുന്നത്. ചില രാജ്യങ്ങളിൽ ഇത് 65 വയസ്സിനുമുകളിൽ പ്രായമുള്ളവരെയാക്കി മാറ്റിയിട്ടുണ്ട്. 60 വയസ്സിനുമുകളിൽ പ്രായമുള്ളവർ കേരളത്തിൽ ജനസംഖ്യയുടെ 12% ആണ്. 2025 ഓടെ ഇത് 20 ശതമാനമായി വർദ്ധിക്കും എന്നാണ് കണക്കാക്കപ്പെടുന്നത്.

ഇത് കേരളത്തിന്റെ മാത്രം പ്രശ്നമല്ല. ആഗോളപ്രശ്നമാണ്. 90 വയസ്സ് കഴിഞ്ഞ ലക്ഷക്കണക്കിനാളുകളാണ് ബ്രിട്ടനിലുള്ളത്. ചൈനയിലും വയോജനങ്ങളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്നു. പത്തുവർഷം മുമ്പ് 70 വയസ്സ് എന്നത് വലിയ പ്രായമായിരുന്നു; ഇന്നത് 80 ൽ എത്തിനിൽക്കുന്നു. ഇനി ഒരു പത്തുവർഷം കൂടി കഴിയുമ്പോൾ അന്നത്തെ യുവജനങ്ങളുടെ എണ്ണത്തിന് ഒപ്പമായിരിക്കും വയോജനങ്ങളുടെ എണ്ണവും.

ലോകാരോഗ്യസംഘടനയുടെ കണക്കുപ്രകാരം ലോകത്താകമാനം ഏകദേശം 60 കോടി വയോജനങ്ങളാണ് ഉള്ളത്. വരുന്ന 10 വർഷത്തിനുള്ളിൽ ഇത് ഇരട്ടിയായി വർദ്ധിക്കും എന്നു കരുതപ്പെടുന്നു.

പ്രായം വിലയിരുത്തി വയോജനങ്ങളെ മൂന്നായി ഈ രംഗത്തുള്ള ആരോഗ്യപ്രവർത്തകർ തിരിക്കാറുണ്ട്. 60 മുതൽ 70 വരെ പ്രായമുള്ളവരെ യങ് ഓൾഡ്, 70 മുതൽ 80 വരെ പ്രായമുള്ളവരെ മിഡിൽ ഓൾഡ്, 80 നുമുകളിൽ പ്രായമുള്ളവരെ ഓൾഡ് ഓൾഡ് എന്ന്.

**വാർദ്ധക്യം നേരിടുന്ന പ്രശ്നങ്ങൾ**

കേരളത്തിലെ ഒരു റെയിൽവേ സ്റ്റേഷനിൽ അമ്മയെ ഉപേക്ഷിച്ച് ഒരു മകൻ കടന്നുകളഞ്ഞത് നാം മറന്നിട്ടില്ല; പട്ടിയെയും പൂച്ചയേയും വഴിയിൽ ഉപേക്ഷിക്കുന്ന ലാഘവത്തോടെയാണ് ഈ ക്രൂരത ആ യുവാവ് തന്റെ അമ്മയോട് കാട്ടിയത്.

അമേരിക്കയിലായിരുന്ന മകൻ നാട്ടിൽ വന്നപ്പോൾ ഫ്ളാറ്റിൽ കസേരയിൽ പുഴുവരിച്ച് അസ്ഥികൂടം മാത്രമായിത്തീർന്ന അമ്മയെ കണ്ടത് നാം വായിച്ചത് ആശങ്കയോടെയാണ്. ഒന്നരവർഷം മുമ്പാണത്രേ ആ മകൻ അമ്മയോട് ഫോണിലൂടെപ്പോലും അവസാനമായി സംസാരിച്ചതത്രേ !

കാസർകോട് പുത്തിഗ എന്ന സ്ഥലത്ത് ഹരി എന്ന യുവാവ് ജോലിക്കുപോകാതെ തന്റെ അച്ഛന്റെ കൂടെയിരുന്ന് ശുശ്രൂഷിക്കുന്നത് മാതൃഭൂമിയിലെ "നല്ല വാർത്ത" യിലൂടെ വന്നത് ചില നല്ല മക്കൾ വാർദ്ധക്യത്തിൽ മാതാപിതാക്കൾക്ക് കാവലാകുന്നതിന്റെ ശുഭസൂചനയാണ്.

വയോജനങ്ങളുടെ എണ്ണം വർദ്ധിക്കുന്നതോടൊപ്പം അവരുടെ പ്രശ്നങ്ങളും വർദ്ധിക്കുന്നതായി കാണാം. ഏകാന്തതയും വിരസതയുമാണ് വാർദ്ധക്യത്തിന്റെ ഏറ്റവും വലിയ പ്രശ്നം. കേരളത്തിലെ പല വീടുകളിലും പട്ടിയെപ്പോലെ വീടു സൂക്ഷിക്കുന്നവരായി ചില വൃദ്ധദമ്പതികൾ മാറിയിരിക്കുന്നു. ജീവിതായോധനത്തിനുള്ള പരക്കം പാച്ചിലിനിടയിൽ മാതാപിതാക്കളെ നാട്ടിൽ 'ഉപേക്ഷിച്ച്' വിദേശത്തേയ്ക്ക് പോകുന്ന മക്കളുടെ എണ്ണം കൂടുകയാണ്. ദമ്പതികളായി കഴിഞ്ഞുവരുന്നവരും, അല്ലാതെ ഒറ്റയ്ക്ക് ഭീതിയുടെ നിഴലിൽ വീടുകളിൽ താമസിക്കുന്നവരും, വിരളമല്ല. മക്കളുടെ അഭാവത്തിൽ സഹായിക്കാനായി എത്തുന്നവരിൽ നിന്ന് ഒട്ടേറെ ചൂഷണം ഇവർ നേരിടുന്നുവെന്ന് പറയാതെവയ്യ! വീടിന് കാവലിരിക്കുന്നവർ രോഗികളാണെങ്കിലോ അവരുടെ കഷ്ടപ്പാടുകൾ എത്രയോ ദുരിതപൂർണ്ണമാണ്!

ഒന്നും ചെയ്യാനില്ലാത്ത അവസ്ഥയിൽ നിന്നാണ് വിരസത ഉടലെടുക്കുന്നത്. എന്തെങ്കിലുമൊക്കെ ബോധപൂർവ്വം ചെയ്യുകയാണെങ്കിൽ വിരസത ഒഴിവാക്കാം. പഞ്ചായത്തുകളിലും മറ്റുമുള്ള പകൽവീടുകളെ ഫലപ്രദമായി ഉപയോഗിച്ചാൽ വിരസതയെ കുറെയൊക്കെ ദുരീകരിക്കാം.

പങ്കാളിയുടെ മരണം, ഏകനായി ഇരിക്കുക, നിത്യരോഗിയായിരിക്കുക, സാമ്പത്തിക നഷ്ടം സംഭവിക്കുക എന്നീ കാരണങ്ങളാൽ ഏകാന്തത അനുഭവപ്പെടാം.

വയോജനങ്ങളിലെ വിരസതയും ഏകാന്തതയും ഒഴിവാക്കുവാൻ വീട്ടുകാരും, സമൂഹവും ഗവൺമെന്റും ബോധപൂർവ്വം ശ്രമിക്കേണ്ടതുണ്ട്. കുട്ടികളെ വയോജനങ്ങളുമായി കളിക്കുവാനും, കൂട്ടിരിക്കുവാനും പഠിപ്പിക്കുക എന്നത് ഗൗരവത്തോടെ ചെയ്യേണ്ട ഒന്നാണ്.

കുട്ടികളുടെ ജന്മദിനാഘോഷങ്ങൾ വൃദ്ധമന്ദിരങ്ങളിൽ കൊണ്ടുപോയി ആഘോഷിക്കുക, ഇടയ്ക്കിടെ വൃദ്ധമന്ദിരങ്ങൾ സന്ദർശിച്ച് അവരോടൊത്ത് അല്പനേരം ഇരുന്ന് അവരെ കേൾക്കുവാൻ തയ്യാറാവുക, ക്ലാസ്സിലെ അദ്ധ്യാപകർ കുട്ടികളുമൊത്ത് വൃദ്ധമന്ദിരങ്ങൾ സന്ദർശിക്കുക, അവരോടൊത്ത് ഭക്ഷണം കഴിക്കുക, കുട്ടികളുടെ വിവിധ ക്ലബ്ബുകൾ വഴി ഇത്തരം പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുക എന്നിവയെല്ലാം കാലഘട്ടത്തിന്റെ അനിവാര്യതയാണ്.

**മാനസിക പ്രശ്നങ്ങൾ**

വാർദ്ധക്യം നേരിടുന്ന മാനസിക പ്രശ്നങ്ങൾ നിരവധിയാണ്. സമകാലീനരുമായി സംവദിക്കാനുള്ള അവസരം പോലും അവർക്ക് നിഷേധിക്കപ്പെടുന്നു. മരണഭീതിയാണ് വാർദ്ധക്യത്തിന്റെ ഏറ്റവും പ്രധാന പ്രശ്നം. മരണം മാത്രം കാത്തുകഴിയുകയാണ് പലരും. തങ്ങളെ ആർക്കും വേണ്ട എന്നും, തങ്ങൾ മറ്റുള്ളവർക്ക് ഒരു ബാദ്ധ്യതയായി മാറുകയാണെന്നും പലരും ചിന്തിക്കുന്നു. വിധവകൾക്കായി ഒരു പരിശീലനം നടത്തിയപ്പോൾ തുടക്കത്തിൽ ഞാൻ അവരോട് ചോദിച്ചു "നിങ്ങൾ എന്താണ് ഇപ്പോൾ മനസ്സിൽ വിചാരിക്കുന്നത് ?" ഒന്നടങ്കം എല്ലാവരും പറഞ്ഞു "എന്തു വിചാരിക്കാനാ; ഞങ്ങൾ മരണം കാത്തുകഴിയുകയാണ്." അവരുടെ പൊടുന്നനവേയുള്ള ഉത്തരം എന്നിൽ അത്ഭുതവും ആശങ്കയും ഒപ്പം നടുക്കവും ഉളവാക്കി.

വാർദ്ധക്യം ഒരു ശാപമായാണ് പലരും കണക്കാക്കുന്നത്. എന്നാൽ വാർദ്ധക്യം ശാപമല്ല; പുണ്യമായി തന്നെ കണക്കാക്കണം. ഇത്രയും നാൾ പരിപാലിച്ച ദൈവത്തിന് നന്ദി പറയുവാനും തങ്ങളിലൂടെ മറ്റുള്ളവർക്കുണ്ടായ നന്മയിൽ ആനന്ദിക്കാനും, തങ്ങളുടെ വാർദ്ധക്യത്തിന്റെ അനുഭവസമ്പത്തുക്കൾ മറ്റുള്ളവർക്ക് പങ്കുവയ്ക്കുവാനും കഴിയണം.

വാർദ്ധക്യം ഭാരമാണെന്ന് ചിലർ കരുതാറുണ്ട്. വാർദ്ധക്യം ഭാരമല്ല, മറിച്ച് ഭാരമാക്കിത്തീർക്കുകയാണ് പലരും. "ലോകത്തിലെ ഏറ്റവും വലിയ ഭാരമേതാണ് ?" ഇത്തരമൊരു ചോദ്യം നമ്മോടുതന്നെ ചോദിക്കണം. ഉത്തരം ലളിതം; "വഹിക്കാൻ ഒന്നുമില്ലാത്തതാണ് ഏറ്റവും വലിയ ഭാരം!" ജോലിയിൽ നിന്നൊക്കെ വിരമിച്ച് മക്കളെയൊക്കെ കെട്ടിച്ചയച്ച്, ഇതര പ്രാരാബ്ദങ്ങളൊക്കെ പൂർത്തീകരിച്ച് വീട്ടിൽ വെറുതെ ഇരിക്കുമ്പോഴാണ് ഭാരം അനുഭവപ്പെടുക. ജീവിതാന്ത്യത്തോളം ചെറിയ ചെറിയ ഭാരങ്ങൾ ഏറ്റെടുക്കുമ്പോഴാണ് ഭാരമില്ലായ്മ അനുഭവപ്പെടുക എന്നോർക്കുക.

**നഷ്ടപ്പെടുന്ന അംഗീകാരം**

മുതിർന്നവരെ ആദരിക്കുക എന്ന പഴയതലമുറയുടെ ശൈലി പുതിയ തലമുറയ്ക്ക് അന്യമായിരിക്കുന്നു. ടി.വി. കണ്ടുകൊണ്ടിരിക്കുന്ന ഒരു കുട്ടി മുതിർന്നവർ വീട്ടിൽ വന്നുകയറുമ്പോൾ എഴുന്നേൽക്കാറുണ്ടോ എന്ന് വീട്ടുകാർ ശ്രദ്ധിക്കാറുണ്ടോ? ബസ്സിലും, പൊതുയിടങ്ങളിലും യാത്രചെയ്യുമ്പോഴും, ആയിരിക്കുമ്പോഴും മുതിർന്നവർക്ക് ഇരിപ്പിടം ഒരുക്കിക്കൊടുക്കുവാൻ നാം തയ്യാറാകാറുണ്ടോ ? പഴയകാലത്ത് വയോധികനായ ഒരാൾക്ക് ആ നാട്ടിലെ എല്ലാവരേയും ശാസിക്കുവാനും തിരുത്തുവാനുമുള്ള അധികാരവും അവസരവും ഉണ്ടായിരുന്നു. ഇന്നത്തെ തലമുറയുടെ മേലുള്ള മുതിർന്ന തലമുറയുടെ കടിഞ്ഞാൺ നഷ്ടമായതാണ് ഈ കാലഘട്ടത്തിന്റെ ശാപം. നമ്മുടെ ഭവനങ്ങളിലും, ബന്ധങ്ങളിലും, സുഹൃത്ത് വലയങ്ങളിലും പ്രായമുള്ളവർക്ക് എത്രമാത്രം ബഹുമാനവും കരുതലും നാം കൊടുക്കാറുണ്ട് എന്നത് ഇവിടെ ചിന്തനീയമാണ്.

മാറുന്ന കുടുംബപശ്ചാത്തലം ഏറ്റവും കൂടുതൽ ബാധിക്കുന്നത് വൃദ്ധജനങ്ങളെയാണ്. സ്വന്തം നാടും, വീടുംവിട്ട് മറ്റിടങ്ങളിലേയ്ക്ക് പോകുവാൻ വൃദ്ധജനങ്ങളുടെ ഗൃഹാതുരത്വം അനുവദിക്കുന്നില്ല. പുതിയ തലമുറ വളരെ നിഷ്പ്രയാസം പുതിയ സ്ഥലങ്ങളിലേയ്ക്ക് ചേക്കേറുന്നു. ഇതുമൂലമുണ്ടാകുന്ന ഒട്ടനവധി പ്രശ്നങ്ങൾ വാർദ്ധക്യത്തെ കീഴടക്കുന്നു. അണുകുടുംബ സംവിധാനങ്ങളും വാർദ്ധക്യത്തിന്റെ ഏകാന്തത വർദ്ധിപ്പിക്കുന്നു. ജീവിതായോധനത്തിനുവേണ്ടിയുള്ള നട്ടം തിരിച്ചിലിനിടയിൽ വൃദ്ധജനങ്ങൾ വല്ലാതെ ഒറ്റപ്പെട്ടുപോകുന്നു.

(തുടരും)

# പുകയത്തു വച്ച തുരുത്തിയെ വീണ്ടും ഉപയോഗിക്കുന്നവൻ



ജെ.പി. വെണ്ണിക്കുളം

സങ്കീർത്തനങ്ങൾ 119:83ൽ ഇങ്ങനെ വായിക്കുന്നു 'പുകയത്തുവച്ച തുരുത്തി പോലെ ഞാൻ ആകുന്നു; എങ്കിലും നിന്റെ ചട്ടങ്ങളെ മറക്കുന്നില്ല'.

കഷ്ടത ഇല്ലാത്ത മനുഷ്യജീവിതം ഉണ്ടോ? എല്ലാവർക്കും ഒന്നല്ലെങ്കിൽ മറ്റൊരുവിധത്തിൽ കഷ്ടതകളുണ്ട്. ലോകത്തിൽ ആയിരിക്കുന്നിടത്തോളം കഷ്ടത ഉണ്ടെന്നാണ് യേശു പറഞ്ഞത് (യോഹന്നാൻ 16:33). എങ്കിലും തളർന്നു പോകാതിരിക്കുന്നതിന്റെ കാരണം കർത്താവു കൂടെയുള്ളതുകൊണ്ടാണ്. കഷ്ടത പെരുകിവരുമ്പോൾ തന്നെ ആശ്വാസവും പെരുകിവരുന്നു (2 കൊരിന്ത്യർ 1:5) എന്നാണ് പൗലോസും പറഞ്ഞിരിക്കുന്നത്. ചുരുക്കിപ്പറഞ്ഞാൽ ഈ ലോകത്തിലെ കഷ്ടതകൾക്ക് ഒരു ഭക്തനെ തളർത്തിക്കളയുവാൻ സാധ്യമല്ല. ക്രിസ്തുവിനോടുള്ള സ്നേഹം ആണ് ഇവയെല്ലാം സഹിക്കുവാൻ നമ്മെ നിർബന്ധിതരാക്കുന്നത്.

പുരാതന കാലത്തു വെള്ളവും വീഞ്ഞും കൊണ്ടുപോകാൻ ഉപയോഗിച്ചിരുന്ന തോൽസഞ്ചിയാണ് തുരുത്തി. ഉപയോഗം കഴിയുമ്പോൾ ഇത് പുകയത്തു വയ്ക്കുക പതിവാണ്. പുകയത്തു ഇരിക്കുന്നതു കൊണ്ട് ഈ തുരുത്തിയുടെ നിറവും ഭംഗിയും മാറിപ്പോകാറുണ്ട്. എങ്കിലും അതിന്റെ ഉറപ്പിന് കോട്ടം സംഭവിക്കുന്നില്ല. ദൈവം തന്റെ ഭക്തന്മാരെ കഷ്ടതയിലൂടെ കടത്തിവിടാറുണ്ട്. ഇയ്യോബ് പറയുന്നു; 'എന്റെ ത്വക്ക് ഇങ്ങനെ നശിച്ച ശേഷം ഞാൻ ദേഹസഹിതനായി ദൈവത്തെ കാണും' (19:26). അതെ ദൈവം തന്നെ ശോധന കഴിച്ചാൽ പൊന്നുപോലെ പുറത്തു വരുമെന്ന് ഇയ്യോബ് വിശ്വസിച്ചു (23:10). തോൽക്കുടം അഥവാ തുരുത്തി പുകഞ്ഞു കൊണ്ടിരിക്കുകയാണെങ്കിലും, ദൈവീക പ്രമാണം വിട്ടുമാറാതിരിക്കും എന്നത് ഒരു ഭക്തന്റെ തീരുമാനം ആയിരിക്കേണം. ക്രിസ്ത്യാനിയായിട്ടു കഷ്ടം സഹിക്കേണ്ടി വന്നാൽ ലജ്ജിക്കരുത് എന്ന് പത്രോസും പറയുന്നു (1 പത്രോസ് 4:17).

പുകയത്തു വച്ചിരിക്കുന്ന തുരുത്തി വിരൂപമായിരിക്കാം. കരിപുരണ്ട തുരുത്തിയെ ലോകത്തിനു ആവശ്യമില്ല. എന്നാൽ ഏതു വിരൂപവും ദൈവത്തിന്റെ ദൃഷ്ടിയിൽ കോമളത്വം ഉള്ളതാകും. ലോകത്തിന്റെ ദൃഷ്ടിയിൽ ഭോഷത്വം എങ്കിലും ദൈവത്തിന്റെ ദൃഷ്ടിയിൽ ശ്രേഷ്ഠമാണു. ഉപയോഗം കഴിഞ്ഞു എന്ന് കരുതി പുകയത്തു വച്ച അവസ്ഥയിലാണ് തുരുത്തിയുടെ സ്ഥാനം എങ്കിലും വീണ്ടും ഉപയോഗിക്കാൻ കഴിയും. അതെ 'ഉണങ്ങിയ അസ്ഥികൾ' വീണ്ടും ജീവിക്കും. ഒരു സൈന്യമായി എഴുന്നേറ്റുവരും. മനുഷ്യൻ തള്ളിക്കളയുന്നതിനെ ദൈവം തെരഞ്ഞെടുക്കുന്നു. അത് യോഗ്യത നോക്കിയല്ല; കൃപയാലല്ലോ നാം വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നത്.

ഈ ലോകത്തിലെ കഷ്ടതകൾ നൊടിനേരത്തേക്കേയുള്ളു (2 കൊരിന്ത്യർ 4:17). നമ്മിൽ വെളിപ്പെടുവാനുള്ള തേജസ്സു വിചാരിച്ചാൽ ഈ ലോകത്തിലെ കഷ്ടതകൾ സാരം ഇല്ലെന്ന് എണ്ണുവാൻ കഴിയും (റോമർ 8:18).



ഈ ഭൂമിയിലെ കഷ്ടതകൾ വേഗം തീരുകയും നാം പറന്നു പോകുകയും ചെയ്യും. ഇതാണ് ഒരു ഭക്തന്റെ പ്രത്യാശ. അതുകൊണ്ടു നാം തളരില്ല. കർത്താവ് നമ്മെ സഹായിക്കും.

# പ്രണയബന്ധങ്ങളും വിവാഹമോചനവും



ഷിന്നി കാഞ്ഞങ്ങാട്

*(യൂത്ത് കൗൺസിലർ)*

ആഗ്രഹങ്ങളും പ്രതീക്ഷകളും സുന്ദരസ്വപ്നങ്ങളുമായി തുടങ്ങുന്ന ബന്ധങ്ങൾ അകൽച്ചയിലേക്കും തകർച്ചയിലേക്കും നിപതിക്കുന്ന ദയനീയ കാഴ്ചകളാണ് ഇന്നു നാം കാണുന്നത്. വിവാഹത്തിലെത്തുന്ന പ്രണയബന്ധങ്ങളാകട്ടെ ജീവിതത്തിന്റെ യാഥാർത്ഥ്യങ്ങൾക്ക് മുൻപിൽ കാപട്യത്തിലെ പൊയ്മുഖങ്ങൾ കൊഴിഞ്ഞ് വീഴുന്ന വസ്തുത ഉൾക്കൊള്ളുവാനാകാതെ വേർപിരിയലിന്റെ വക്കിലെത്തിനിൽക്കുന്നു.

**ഞാൻ ഇതൊന്നും പ്രതീക്ഷിച്ചിട്ടില്ല...**

പ്രണയത്തിന്റെ ആകർഷണീയത വിവാഹബന്ധങ്ങളിൽ ആസ്വദിക്കുവാൻ കഴിയാതെ വരുമ്പോഴാണ് കുടുംബപ്രശ്നങ്ങൾ രൂപപ്പെടുന്നത്.

എൻജിനീയറിംഗ് വിദ്യാർഥികളായിരുന്നു മെൽബിനും സോനയും, നാലു വർഷത്തെ കോളേജ് ജീവിതം അവർക്ക് സമ്മാനിച്ചത് വിട്ടുപിരിയുവാൻ കഴിയാത്ത പ്രണയബന്ധമായിരുന്നു. നിരന്തരമായുള്ള സംഭാഷണങ്ങളും കണ്ടുമുട്ടലുകളും അവരെ കൊണ്ടെത്തിച്ചത് ഭാവിജീവിതത്തിന്റെ സുന്ദരസ്വപ്നങ്ങളിലേക്കായിരുന്നു.

സമ്പന്ന കുടുംബത്തിൽ ജനിച്ചു വളർന്ന സോനയുടെ എന്താവശ്യങ്ങളുണ്ടെങ്കിലും നിർവഹിച്ചു നൽകാൻ മാതാപിതാക്കൾ സദാസന്നദ്ധരായിരുന്നു. എന്നാൽ ഇടത്തരം കുടുംബത്തിൽ, തന്റെ പ്രാരാബ്ദങ്ങളുമായി ജീവിതം തള്ളിനീക്കുന്ന മെൽബിൻ വിവാഹശേഷം സോനയുടെ എല്ലാ ആഗ്രഹങ്ങളും സാധിച്ചു നൽകാൻ കഴിയാത്ത സാഹചര്യമായിരുന്നു. അവൾ ആഗ്രഹിക്കുന്ന തരത്തിലുള്ള ജീവിതം ലഭിക്കാതെ വന്നപ്പോഴാണ് ദാമ്പത്യജീവിതത്തിൽ പ്രശ്നങ്ങൾ തലപൊക്കാൻ ആരംഭിച്ചത്. ആദ്യമൊക്കെ പുതിയജീവിതരീതിയുമായി ചേർന്നു പോകുവാൻ സോന ശ്രമിച്ചുവെങ്കിലും അതിനവൾക്ക് കഴിഞ്ഞില്ല. ഒരു ദിവസം മാതാപിതാക്കളെ കാണുവാൻ തന്റെ വീട്ടിലേക്ക് പോയ സോനയുടെ വിവാഹമോചന നോട്ടീസാണ് മെൽബിന് ലഭിച്ചത്. സോനയെ ആഴമായി സ്നേഹിച്ച മെൽബിന് ഇത് താങ്ങാൻ കഴിയുന്നതിലും അധികമായിരുന്നു. മാതാപിതാക്കളും കുടുംബകോടതിയും വളരെ ഒന്നിപ്പിക്കുവാൻ ശ്രമിച്ചുവെങ്കിലും വിവാഹമോചനത്തിലായിരുന്നു ചെന്ന് കലാശിച്ചത്.

മനസ്സിൽ താൻ ആഗ്രഹിച്ച വ്യക്തിയല്ല ജീവിതത്തിൽ ലഭിച്ചത് എന്ന ചിന്താഗതിയാണ് പ്രശ്നങ്ങൾക്ക് കാരണമായി തീർന്നത്. പരസ്പരം മനസ്സിലാക്കുവാനും സ്നേഹിക്കുവാനും ഉൾക്കൊള്ളുവാനും കഴിയാത്തതും വിട്ടുവീഴ്ചയില്ലാത്ത മനോഭാവവും ദാമ്പത്തിക ബന്ധത്തിന്റെ തകർച്ചയ്ക്ക് കാരണങ്ങളാണ്.

പ്രതീക്ഷിക്കാതെ ജീവിതത്തിൽ നേരിടുന്ന വിഷമകരമായ അവസ്ഥയ്ക്ക് മുൻപിൽ പകച്ചു നിൽക്കാതെ ആ പ്രതിസന്ധികളെ ഏകമനോഭാവത്തോടെ നേരിടുമ്പോഴാണ് കുടുംബജീവിതം വിജയകരമായി മാറുന്നത്.

**കാരണമില്ലാതെ തകരുന്ന ബന്ധങ്ങൾ**

ജീവിതകാലം മുഴുവൻ വിശ്വസിച്ചു, സഹകരിച്ചു ജീവിക്കേണ്ടവർ പരസ്പരം മനോഭാവങ്ങൾ, ആഗ്രഹങ്ങൾ, വിശ്വാസങ്ങൾ എന്നിവ തുറന്നു സംസാരിക്കാതെ വിവാഹബന്ധത്തിൽ പ്രവേശിക്കുന്നത് പ്രശ്നങ്ങൾക്ക് കാരണമാകുന്നു. പ്രണയബന്ധങ്ങളിൽ ഉടലെടുക്കുന്ന പല സുന്ദര സ്വപ്നങ്ങളും തീരുമാനങ്ങളും യഥാർഥ ജീവിതത്തിൽ പൂവണിയാൻ കഴിയാതെ വരുമ്പോഴാണ് മാനസിക അകൽച്ച ഉടലെടുക്കുന്നത്. ജീവിതത്തിൽ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരസ്പരം വഴിമാറി വ്യക്തിഹത്യ നടത്തുന്നതും കുറ്റം മുഴുവൻ ഒരു വ്യക്തിയിൽ പഴിചാരി മറ്റെ വ്യക്തി 'നല്ലപിള്ള' ചമയുന്നത് ദാമ്പത്തിക ബന്ധത്തിന്റെ ശിഥിലീകരണത്തിന് കാരണമായി ഭവിക്കുന്നു. പങ്കാളിയിൽനിന്നുള്ള അടിച്ചമർത്തലുകൾ, നിസ്സഹകരണമനോഭാവം, ഒറ്റപ്പെടൽ, സ്വാർത്ഥത, ലൈംഗീക അസംതൃപ്തി ഇവയൊക്കെ വിവാഹമോചനത്തിലേക്കുള്ള എളുപ്പ വഴികളാണ്. ചെറിയ പ്രശ്നങ്ങൾ വേഗത്തിൽ പരിഹരിക്കുവാൻ ശ്രമിച്ചെങ്കിൽ അത് കൂടുതൽ സങ്കീർണ്ണമാക്കപ്പെടുകയും വേഗത്തിൽ വിവാഹമോചനത്തിൽചെന്ന് കലാശിക്കുകയും ചെയ്യും. കുടുംബജീവിതത്തിൽ പരിപൂർണതയ്ക്ക് സ്ഥാനമില്ലന്നും ജീവിതത്തിൽ നേരിടുവാൻ സാധ്യതയുള്ള അനേകം യാഥാർഥ്യങ്ങളുണ്ടെന്നും മനസിലാക്കി രണ്ടു പേരും ഒരുമിച്ച് മുൻപോട്ടു നീങ്ങിയാൽ മാത്രമെ പ്രശ്നങ്ങൾ ഒരു പരിധിവരെ ഒഴിവാക്കുവാൻ കഴിയുകയുള്ളൂ. തന്റെ നിലപാടുകൾക്ക് അനുസൃതമായി മാത്രമെ പങ്കാളി ജീവിക്കാവൂ എന്ന സങ്കുചിതമനോഭാവമാണ് ഇന്നത്തെ പ്രശ്നങ്ങളിൽ മുഖ്യ പങ്ക് വഹിക്കുന്നത്.

പ്രശ്നങ്ങളുടെ പങ്കാളിത്വം ഇരുവരും ഏറ്റെടുത്തു തെറ്റുകൾ തുറന്നുപറയുകയും പരസ്പരം മനസിലാക്കുവാൻ ശ്രമിക്കുകയും ചെയ്യുമ്പോഴാണ് ബന്ധം കൂടുതൽ ഊഷ്മളമായി മാറുന്നത്. പരസ്പരമുള്ള വിശ്വസ്തതയും ത്യാഗമനോഭാവവും ഉൾകൊള്ളുവാനുള്ള മനസ്സുമാണ് ബന്ധങ്ങളിൽ ആകർഷണീയത പകരുവാൻ പ്രധാനഘടകമായി വർത്തിക്കുന്നത്. ഒരുമിച്ചു സൗഹൃദമനോഭാവത്തോടെ കഴിയുവാൻ സമയം കണ്ടെത്തുകയും സംസാരത്തിൽ സ്നേഹപ്രകടനത്തിന്റെ മനോഭാവം പുലർത്തുകയും ചെയ്യുമ്പോഴാണ് ജീവിതം സന്തുഷ്ടമായി മാറുന്നത്. ചുരുക്കത്തിൽ മാനദണ്ഡങ്ങളോ ഉപാദികളോ ഇല്ലാതെ സ്നേഹം പങ്കുവയ്ക്കുമ്പോഴാണ് ദാമ്പത്തിക ജീവിതം കൂടുതൽ സുന്ദരമായി മാറുന്നത്.

**ചില വേണ്ടാത്ത തോന്നലുകൾ**

പങ്കാളി മറ്റൊരാളോടു സംസാരിച്ചാൽ, ഫോൺ വിളിക്കുമ്പോൾ മറ്റൊരു കോളിൽ തിരക്കിലായാൽ പിന്നെ ചിന്തകൾ കാടുകയറുകയാണ്. യാഥാർഥ്യം എന്താണെന്ന് അന്വേഷിക്കാതെ ബന്ധങ്ങൾ ഇന്ന് തകർച്ചയിലേക്ക് നീങ്ങുന്നു.

നിസാരപ്രശ്നങ്ങളുടെ പേരിൽ കേരളത്തിൽ ഓരോ ദിവസവും 37 പേർ വിവാഹമോചനം ആഗ്രഹിച്ച് കുടുംബകോടതിയെ സമീപിക്കുന്നു. കുടുംബപ്രശ്നങ്ങൾ മാതാപിതാക്കളെക്കാൾ കൂടുതൽ ബാധിക്കുന്നത് കുഞ്ഞുങ്ങളെയാണ്. വ്യക്തിത്വ വൈകല്യങ്ങൾക്കും വികലമായ ജീവിതകാഴ്ചപ്പാടുകൾക്കും കുഞ്ഞുങ്ങൾ ഇന്ന് അടിമകളായി തീരുന്നതിന്റെ പ്രധാന കാരണം കുടുംബതകർച്ചകളാണ്.

**വിവാഹജീവിതത്തിൽ എക്സ്ചെയ്ഞ്ച് ഓഫറില്ല**

ദൈവം രൂപകല്പന ചെയ്ത പാവനമായ ബന്ധമാണ് കുടുംബം. ആഴമേറിയ ഭാര്യ-ഭർത്തൃബന്ധം നല്ല കുടുംബ ബന്ധങ്ങൾ രൂപപ്പെടുത്തുന്നു.

ദൈവഹിതത്തിനും ആത്മീക കാഴ്ചപ്പാടുകൾക്കും വിവാഹബന്ധങ്ങളിൽ സ്ഥാനമില്ലാതെ സാമൂഹിക നിലപാടുകളുടെയും പണത്തിന്റെയും സൗന്ദര്യത്തിന്റെയും അടിസ്ഥാനത്തിൽ ഇന്നത്തെ ബന്ധങ്ങൾ കച്ചവടവത്കരിക്കപ്പെട്ടിരിക്കുന്നു. ദൈവഹിതത്തേക്കാൾ മറ്റു പല കാര്യങ്ങൾക്കും പ്രാധാന്യം നൽകുന്നതുകൊണ്ട് യഥാർഥ പങ്കാളിയെ കണ്ടെത്തുവാൻ കഴിയാതെ വരുന്നു.

ഒരു യുവാവും യുവതിയും ജീവിതം പങ്കുവെച്ചു ദീർഘകാലം ജീവിക്കേണ്ടതാണെന്നു ബോധ്യമുണ്ടായിരിക്കണം. ചെരുപ്പ് ധരിക്കുന്ന ലാഘവത്തോടെ പങ്കാളിയെ കണ്ടെത്തുന്നവർ ഇന്ന് നമ്മുടെ സമൂഹത്തിൽ വർധിച്ചു വരികയാണ്. വിവാഹത്തിൽ സ്വയതീരുമാനം വളരെ പ്രാധാന്യമർഹിക്കുന്ന വസ്തുതയാണ്. ഒരിക്കൽ ഒരുമിക്കപ്പെട്ടാൽ ജീവിതകാലം മുഴുവൻ നിൽനിൽക്കുന്ന ബന്ധമായതുകൊണ്ട് പ്രാർഥനയോടും കൂടുതൽ മുൻകരുതലോടെയും മാത്രമെ കുടുംബബന്ധത്തിൽ പ്രവേശിക്കാവൂ.

ആരും പൂർണരല്ലെന്നും തെറ്റുകളും പോരായ്മകളും മനുഷ്യസഹജമാണെന്നും മനസിലാക്കി ജീവിതത്തിലൂടെ പൂർണത കൈവരിക്കുവാൻ ശ്രമിച്ചാൽ ആ ബന്ധമാണ് പൂർണവും അർഥവും ഉള്ളതായി മാറുകയും ചെയ്യുന്നത്. വെച്ചുകെട്ടലുകൾക്കോ, മറച്ചുവെയ്ക്കലുകളോ ഇല്ലാതെ യഥാർഥ നിലപാടുകൾ പങ്കുവയ്ക്കുവാൻ ശ്രമിക്കുന്ന ബന്ധങ്ങൾ കൂടുതൽ ആഴമേറിയതായി മാറ്റപ്പെടുന്നു.




*ബാംഗ്ലൂരിലെ വിവിധ ക്രൈസ്തവപെന്തെക്കോസ്തു സഭകൾ ചേർന്നു സെപ്റ്റംബർ 28 മുതൽ ഒക്ടോബർ ഒന്നു വരെ കൊത്തന്നൂർ ഏബനേസർ ഓഡിറ്റോറിയത്തിൽ നടത്തിയ ഐക്യകൺവൻഷൻ പാസ്റ്റർ സാം ജോർജ് ഉദ്ഘാടനം ചെയ്യുന്നു.*

## സിഇഎം വജ്രജൂബിലി ജനറൽ ക്യാംപ് കുട്ടിക്കാനത്ത്

തിരുവല്ല: ശാരോൻ ഫെല്ലോഷിപ് ചർച്ച് യുവജനവിഭാഗമായ ക്രിസ്ത്യൻ ഇവാഞ്ചലിക്കൽ മൂവ്മെന്റിന്റെ (സി ഇ എം) വജ്രജൂബിലി വർഷ ജനറൽക്യാംപ് ഡിസംബർ 25-27 വരെ കുട്ടിക്കാനം മാർ ബസേലിയോസ് ക്രിസ്ത്യൻ കോളേജിൽ നടക്കും. 'രൂപാന്തരം' എന്നതാണ് ചിന്താവിഷയം. സിഇഎം ജനറൽ സെക്രട്ടറി പാസ്റ്റർ ജോർജ് മുണ്ടകന്റെ അധ്യക്ഷതയിൽ ജനറൽ പ്രസിഡന്റ് പാസ്റ്റർ ഫിലിപ്പ് ഏബ്രഹാം ഉദ്ഘാടനം ചെയ്യും. ഡോ. എബി പി. മാത്യു ബീഹാർ, ഇവാ. സാജൻ ജോയ് ബാംഗ്ലൂർ, ഡോ. മാത്യു സി. വർഗീസ്, റവ. സാം കെ. ജേക്കബ് തുടങ്ങിയവർ ക്ലാസുകൾ എടുക്കും. 13 വയസ്സിൽ താഴെയുള്ളവർക്കുള്ള കിഡ്സ് ക്യാംപിൽ ട്രാൻസ്ഫോർമെർസ് ഇന്ത്യ നേതൃത്വം നൽകും.

ക്യാമ്പിനോട് അനുബന്ധിച്ചു സിങ്ങ് & പ്രെയിസ്, ബൈബിൾ സ്റ്റഡി, ചോദ്യോത്തരവേദി, ചർച്ചകൾ, കൗൺസിലിംഗ്, മിഷൻ ചലഞ്ച്, താലന്തു പ്രദർശനങ്ങൾ, ഗെയിമുകൾ തുടങ്ങിയവ ഉണ്ടായിരിക്കും. ഡോ. ബ്ലെസ്സൻ മേമന, ലോർഡ്സൻ ആന്റണി, സ്റ്റാൻലി മാത്യു, ജോമോൻ തുടങ്ങിയവർ ഗാനങ്ങൾ ആലപിക്കും. ഫീസ് 200 രൂപാ. 13 വയസിൽ താഴെയുള്ളവർക്ക് 150 രൂപാ.

***ജെ.പി. വെണ്ണിക്കുളം***

## 'പ്രണയത്തിന്റെ നേർക്കാഴ്ചകൾ' ഗൂഗിൾ പ്ലേ ബുക്ക്സിൽ

**തിരുവല്ല:** ഫിന്നി കാഞ്ഞങ്ങാടിന്റെ 'പ്രണയത്തിന്റെ നേർക്കാഴ്ചകൾ' എന്ന പുസ്തകം മലയാള ക്രൈസ്തവ പുസ്തക വിഭാഗത്തിലെ ആദ്യത്തെ പുസ്തകമായി ഗൂഗിൾ പ്ലേ ബുക്ക്സ് അപ്രൂവ് ചെയ്തു.

യുവജനങ്ങൾക്കും കൗമാരക്കാർക്കും മാതാപിതാക്കൾക്കും ഒരുപോലെ പ്രയോജനകരമായി മാറിയ ഈ ഗ്രന്ഥത്തിന്റെ മൂന്നാമത്തെ പ്രിന്റഡ് എഡിഷൻ ഉടൻ പുറത്തിറങ്ങും. പ്രമുഖ പുസ്തക പ്രസാധകരായ എക്സൽ പബ്ലിക്കേഷനാണ് ഈ ഗ്രന്ഥം പ്രസിദ്ധീകരിച്ചിരിക്കുന്നത്.

സൗജന്യമായി വായിക്കാനും ഡൗൺലോഡ് ചെയ്യാനും ഗൂഗിൾ പ്ലെസ്റ്റോർ സന്ദർശിക്കുക.

## ആൻഡ്രോയിഡ് വായനക്കാർക്കായി പുതിയ സൗജന്യ മൊബൈൽ ആപ്പ്

**കുവൈറ്റ്:** യുവഗ്രന്ഥകാരനും ഗാനരചിതാവുമായ ബിനു വടക്കുംചേരിയുടെ പുതിയ സൗജന്യമൊബൈൽ ആപ്പ് പുറത്തിറങ്ങി. ലേഖനങ്ങൾ, കഥകൾ, ഭാവനകൾ, ചെറുചിന്തകൾ, അഭിമുഖങ്ങൾ, കവിതകൾ, പിഡിഎഫ് ബുക്ക് (ഉപദേശിയുടെ കിണർ), എം പി 3 ഗാനം തുടങ്ങി വ്യത്യസ്ത വിഭവങ്ങൾ കോർത്തിണക്കിയ നൂറിലേറെ രചനകളുടെ സമാഹാരമാണ് 'Binu Vadakkencherry' മൊബൈൽ ആപ്പ്.

ആദ്യപടിയായി ആൻഡ്രോയിഡിലും പിന്നീട് iOS ലും ലഭ്യമാകും. Shalom Design S2dio ആണ് നിർമാതാക്കൾ.

ഇപ്പോൾ നാൽപതിലേറെ രചനകൾ ഉൾപ്പെടുത്തിയ ആപ്പ് പ്ലേ സ്റ്റോറിൽ ലഭ്യമാണ്, തുടർന്നുള്ള അപ്ഡേറ്റസിൽ കൂടുതൽ ചേർക്കും എന്ന് അറിയിച്ചു.

ഡൗൺലോഡ് ചെയ്യുവാൻ താഴെയുള്ള ലിങ്കിൽ ക്ലിക്ക് ചെയ്യുക

https://play.google.com/store/apps/details?id=com.shalomdesigns2dio.binuvadakkencherry?

## ജെ.പി. വെണ്ണിക്കുളം സൗജന്യ മൊബൈൽ ആപ്പ് പുറത്തിറങ്ങി

**തിരുവല്ല:** ക്രിസ്തീയ സാഹിത്യ രംഗത്തു രണ്ടു പതിറ്റാണ്ട് പിന്നിടുന്ന ജെ പി വെണ്ണിക്കുളത്തിന്റെ സൗജന്യ മൊബൈൽ ആപ്പ് പുറത്തിറങ്ങി. ലേഖനങ്ങൾ, യൂത്ത് ഫോക്കസ്, ബൈബിൾ പഠനവിഷയങ്ങൾ പിഡിഎഫ് ബുക്ക് (വ്യത്യസ്തതയിലേക്കുള്ള പ്രയാണം) തുടങ്ങിയ വിഭവങ്ങൾ കോർത്തിണക്കിയ രചനകളുടെ സമാഹാരമാണ് 'J P Vennikulam' മൊബൈൽ ആപ്പ്. ആദ്യപടിയായി ആൻഡ്രോയിഡിലും പിന്നീട് iOS ലും ലഭ്യമാകും. Shalom Design S2dio ആണ് നിർമാതാക്കൾ.

ഇപ്പോൾ ഇരുപതോളം രചനകൾ ഉൾപ്പെടുത്തിയ ആപ്പ് പ്ലേ സ്റ്റോറിൽ ലഭ്യമാണ്. തുടർന്നുള്ള അപ്ഡേറ്റസിൽ കൂടുതൽ രചനകളും പ്രഭാഷണ വീഡിയോകളും ചേർക്കുന്നതാണ്.

SHARON FELLOWSHIP CHURCH OF ALBANY
Sharon Fellowship Church Albany
Come and Experience God's Presence

**Sunday**
Sunday School & Adult Bible Study
(9:00 am to 10: 00 am)
Worship Service 10:00 am to 12:30 pm

**Every 3rd Sunday**
Youth Worship Service 10:00 am to 11:30 am
CEM/Youth Meeting 11:30 am to 12:30 pm

**Wednesday**
Men's Meeting 7:30 pm to 9:00 pm
Ladies Meeting 10: 00 am to 12:30 pm

**Friday**
Cottage Meeting : 7:00 pm to 9:00 pm

**Fasting Prayer**
4th Friday, Saturday & Sunday

**For Prayer and Fellowship**
Pastor Santhosh Tharian
2 Sarah Ct, Albany
New York - 12205
(518) 621- 6894 (Office)
(201) 920- 7643 (Cell)
santhoshtharian@yahoo.com

FOR WE WALK BY FAITH NOT BY SIGHT 2 CORINTRIANS 5:7

For More Information
SABU PHILIP (Secretary) (518) 618 - 1264
JIMS JOHN MEDAMANA (Treasurer) (518) 618 - 0702
sfcalbany@gmail.com

1781 Western Ave,
Albany, New York, 12203
United States of America

www.albanysharonchurch.org

VISITING VISA
സൗദി അറേബ്യ, ഖത്തർ, ദുബായ്, കുവൈറ്റ്, മസ്ക്കറ്റ്, ബഹറൈൻ, സിംഗപ്പൂർ, മലേഷ്യ, ബ്രൂണ തുടങ്ങിയ രാജ്യങ്ങൾ സന്ദർശിക്കുന്നതിനും, തൊഴിൽ അന്വേഷിക്കുന്നതിനും വിസിറ്റിംഗ് വിസകൾക്ക് സമീപിക്കുക.
GLOBAL CARE
Travell Services, IInd Floor,
17/1246 C2, Pathoor Tower
Puthiyara Road, Stadium Jn., Calicut-4
Email: globalcalicut@gmail.com
globalcareccj@gmail.com
Ph: 0495-2720881, 3259706, 9447040281



THUSHARA
Tiles & Granites
Near old Fire Station, Arumurikkada, Kundra
Spaniso, Vrundavan, Nenno, Johnson, Somany, Kajaria, Marbonite, Nitco, Asain, City, Sonora, Marbito തുടങ്ങിയ കമ്പനികളുടെ authorised dealer.
വെർട്ടിഫൈഡ് ടൈലുകളുടെ വൻശേഖരം
ഹോൾസെയിൽ വിലയ്ക്കു ലഭിക്കുന്ന ഒരു വിശ്വസ്ത സ്ഥാപനം
Phone Shope: 0474-2580191, 9249121338
O.P. Xavier 9562972336, Nishandh 9846832956, Anikkuttan 9847684821

## കർത്തൃസന്നിധിയിൽ



എൻ.എ. ചെറിയാൻ

**കണ്ണൂർ:** കീഴ്പ്പള്ളി പുതിയങ്ങാടി അസംബ്ലീസ് ഓഫ് ഗോഡ് സഭാംഗം മന്ദമരുതി നെല്ലിക്കാലായിൽ എൻ.എ. ചെറിയാൻ (87) ഒക്ടോബർ ആറിനു കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. സംസ്ക്കാരം പിറ്റേന്ന് ഏ.ജി. ആനപ്പന്തി സെമിത്തേരിയിൽ നടന്നു. ഇരിട്ടി സെക്ഷൻ പ്രസ്ബിറ്റർ പാസ്റ്റർ അനീഷ് എം. ഐപ്പ് ശുശ്രൂഷ നിർവഹിച്ചു. ഭവനത്തിൽ നടന്ന ശുശ്രൂഷകൾക്ക് പാസ്റ്റർ എ.ജെ. തോമസ് നേതൃത്വം നൽകി. പാസ്റ്റർമാരായ എം.ജെ. ജോൺ, ശശി ജോസഫ്, കെ.ഐ. വർഗീസ്, കെ.വി. വർഗീസ്, സാം തോമസ് തുടങ്ങിയവർ അനുശോചനം അറിയിച്ചു. ഭാര്യ: സീതത്തോട് ആനവട്ടത്ത് അമ്മിണി ചെറിയാൻ. മക്കൾ: ബെൻഷി ചെറിയാൻ, ജാൻസി ജോബ്. മരുമക്കൾ: ഡെയ്സി, കെ.ജെ. ജോബ്.

# ഏജി കൺവൻഷൻ

(1-ാം പേജ് തുടർച്ച)

ഷന്റെ ആഴ്ചയിൽ പ്രാദേശികസഭകളിൽ വിശേഷാൽ യോഗങ്ങൾ ക്രമീകരിക്കരുതെന്നും മുഴുവൻ സഭാംഗങ്ങളും ഈ കുടുംബസംഗമത്തിൽ സംബന്ധിക്കണമെന്നും സൂപ്രണ്ടും കൺവൻഷൻ കമ്മറ്റി ചെയർമാനുമായ പാസ്റ്റർ ടി.ജെ. സാമുവേൽ, ട്രഷററും കൺവൻഷൻ ജനറൽ കോഓർഡിനേറ്ററുമായ പാസ്റ്റർ എ. രാജനും അഭ്യർഥിച്ചിട്ടുണ്ട്.

പാസ്റ്റർമാരായ ഒ. സജിമോൻ, ആന്റണി ജോസഫ്, പി.വൈ. ജോസഫുകുട്ടി, സജീവ് ലാൽ, മനോജ് വർഗീസ്, സനൽകുമാർ, ഷാജൻ ജോൺ ഇടയ്ക്കാട്, ജോൺസൻ സാമുവേൽ, സാം യു. ഇളമ്പൽ, ബി.സി. ചന്ദ്രൻ, ജസ്റ്റിൻ ജോസ്, ജേക്കബ് റ്റി. ജോൺ, ബിനു ജോൺ, ഏബ്രഹാം തോമസ്, ഡി. ജോയി, വിൽഫ്രസ് രാജ്, കെ.എസ്. സുരേഷ്, ജോൺ മാത്യു, മാത്യൂസ് കോശി, കെ.എം. സാബു, റ്റി.എസ്. സ്റ്റ്യുവർട്ട്, ഷാബു ജോൺ, ജോസ് കെ. തോമസ്, തോമസ് മാത്യു, പ്രസാദ് കോശ്, സാംകുട്ടി ജോൺ, സി. ശലോമോൻ, റ്റി.വി. പൗലൊസ്, വിൽഫ്രഡ് രാജ്, പി.ബേബി, കെ. ജോയി, വിൻസന്റ് സാം, റോബിൻസൺ സി, ജിനു കെ. വർഗീസ്, ബിജി ഫിലിപ്പ്, ജോൺ സ്റ്റോബി, വിജി പി. വർഗീസ്, സജി പി., എം.എസ്. രാജൻ, എം.എസ്. മാത്യു, റ്റി.വി. പൗലൊസ്, ബിനു തോമസ്, സി.സി. വർഗീസ്, ജി. ജോൺസൻ, എം.എ. ഫിലിപ്പ് തുടങ്ങിയ വിവിധ കമ്മറ്റികൾ പ്രവർത്തിച്ചുവരുന്നു.

***ഷാജൻ ജോൺ ഇടയ്ക്കാട്, സാം യു. ഇളമ്പൽ, ജോൺസൻ സാമുവേൽ (മീഡിയ കൺവീനർമാർ)***








## കാഴ്ചയ്ക്കപ്പുറം

ജോയ് നെടുങ്കുന്നം

# വന്നവരും പോയവരും പിന്നെ നില്ക്കുന്നവരും

**പൗ**രോഹിത്യം ഉപേക്ഷിച്ച് പെന്തെക്കോസ്തു വിശ്വാസം സ്വീകരിച്ചു വന്നവരിൽ പ്രമുഖൻ കാനം അച്ചൻ ആണ്. ജന്മംകൊണ്ട് ഞങ്ങൾ ഒരു നാട്ടുകാർ, പഠിച്ചതും ഒരു സ്കൂളിൽ, നെടുങ്കുന്നം; പള്ളിക്കൽ സ്കൂളിൽ!

ക്രിസ്തീയലോകത്ത് തനതായ വ്യക്തിമുദ്ര പതിപ്പിച്ചതിൽ പ്രമുഖൻ. അംഗീകരിച്ച ആശയത്തിനുവേണ്ടി വിട്ടുവീഴ്ചയില്ലാത്ത നിലപാട്, പെന്തെക്കോസ്തു ലോകത്ത് സ്വീകാര്യൻ, പണ്ഡിതൻ, പ്രസംഗകൻ, എഴുത്തുകാരൻ, ചിന്തകൻ, എണ്ണിപ്പറയാൻ ഏറെയുണ്ടെങ്കിലും അദ്ദേഹത്തെക്കുറിച്ച് ഒന്നും പറയാതെതന്നെ നമുക്കെല്ലാം സുപരിചിതൻ.

പ്രസിദ്ധരും അപ്രസിദ്ധരുമായ അനേകം വൈദികർ പെന്തെക്കോസ്തു വിശ്വാസം സ്വീകരിച്ചിട്ടുണ്ട്. അവരുടെ സംഭാവനകൾ ചെറുതല്ല, നിലപാടുകളിൽ വ്യക്തതയുണ്ട്. തികഞ്ഞ ആത്മീയർ, അവരൊക്കെ പ്രസ്ഥാനത്തിനുതന്നെ മുതൽക്കൂട്ടാണ്. ഇപ്പോഴും പലരും വന്നുകൊണ്ടിരിക്കുന്നു. വരാത്തവർ പലരും പെന്തെക്കോസ്തനുഭവം പ്രാപിച്ച് അവിടെത്തന്നെ നിൽക്കുന്നുമുണ്ട്. പെന്തെക്കോസ്തു ഒരു പ്രസ്ഥാനമല്ല; മറിച്ച്, ഒരു അനുഭവമാണ്. അനുഭവിച്ചവർക്കു മാത്രമേ അതിന്റെ ശ്രേഷ്ഠത അറിയൂ...

ഇനി...

പോയവരിൽ പ്രമുഖൻ ബിലിവേഴ്സ് ചർച്ച് പരമാധികാരി കെ.പി. യോഹന്നാൻ തിരുമേനിയാണ്. (അർഹിക്കുന്നവർക്ക് നാം ബഹുമാനം കൊടുക്കണം). പിന്നെ, വർത്തമാനകാലത്ത് മരത്തിന്റെ ഇല പൊഴിയുന്നതുപോലെ പൊഴിയുന്നു. ചിലത് വാടിനിൽക്കുന്നു, എപ്പോൾ വേണമെങ്കിലും പൊഴിയും. സഭാനേതാവും കൺവൻഷൻ പ്രസംഗകരും പ്രവാചകശുശ്രൂഷകരും ബിഷപ്പ് പദവി സ്വീകരിച്ചുകൊണ്ടിരിക്കുന്നു. ഇവരിൽ പലരുടെയും ശുശ്രൂഷയിൽ നേരിട്ട് സംബന്ധിച്ചിട്ടുണ്ട്. എന്തൊക്കെയായിരുന്നു? ഇവർ എന്തിനാണ് ചെങ്കോലും കിരീടവും കുപ്പായവും സ്വീകരിച്ചതെന്ന് എനിക്കറിഞ്ഞുകൂടാ... സോഷ്യൽ മീഡിയയിലൂടെ പലരും പല കാരണങ്ങൾ കണ്ടുപിടിച്ചിട്ടുണ്ട്. ഗവ. തലത്തിലെ അംഗീകാരവും അധികാരവും അങ്ങനെ പലതും! എന്റെ എളിയ നിഗമനത്തിൽ കണ്ടെത്തിയ കാര്യം 'കുമിഞ്ഞുകൂടുന്ന പണം' ആണ് മാമോൻ. ഫെയിം ആൻഡ് മണി!!!

ക്രിസ്തീയപൗരോഹിത്യത്തെക്കുറിച്ച് വിശകലനം ചെയ്യുന്ന ഒരു ലേഖനം അല്ലാത്തതിനാൽ ആ ഭാഗത്തേക്ക് കടക്കാൻ താത്പര്യപ്പെടുന്നില്ല. പക്ഷെ, ഒരുകാര്യം പറയാം: "ഒരു കുപ്പായം ഇട്ടതുകൊണ്ട് സ്വർഗത്തിൽ പോകാതിരിക്കും എന്ന് എനിക്കു തോന്നുന്നില്ല". അത് അവരും ദൈവവുമായി തീർത്തുകൊള്ളും. പോകുന്നവർ അവരുടെ കാഴ്ചപ്പാടിൽ ശരിയായിരിക്കും. പോകുന്നവർ പോകുന്നതുകൊണ്ട് നമുക്കു ഒന്നും നഷ്ടപ്പെടാനില്ല. എന്തെങ്കിലും നന്മ അവർക്ക് ഉണ്ടാകുന്നുവെങ്കിൽ സന്തോഷിക്കുകയല്ലേ വേണ്ടത്? ഇവിടെ ആരും അപമാനിക്കപ്പെടുന്നില്ല. പെന്തെക്കോസ്തിനു അതിന്റേതായ തനിമ ഉണ്ട്. അത് കാത്ത് സൂക്ഷിക്കുന്ന ഒരു ന്യൂനപക്ഷം അന്നും ഇന്നും ഉണ്ട്.

വന്നവരിലും പോയവരിലും പ്രമുഖരുടെ പേര് പറഞ്ഞെങ്കിലും ഇപ്പോൾ നില്ക്കുന്നവരുടെ പേരുകൾ പറയുന്നില്ല. പലരേയും പ്രിയ അനുവാചകർ ഒന്നു ശ്രദ്ധിച്ചുനോക്കിക്കേ... അവരുടെ വസ്ത്രധാരണം, ഭൂരിപക്ഷം നേതാക്കളുടെയും!

പാസ്റ്ററും അല്ല, അച്ചനും അല്ല, ഒരുമാതിരി "പാച്ചൻ" മോഡൽ! വട്ടക്കഴുത്തുള്ള കോളറും മുട്ടിനു താഴെവരെ നീണ്ട കുപ്പായവും... നടുക്ക് ഒരു കെട്ടില്ലെന്നു മാത്രം! പാസ്റ്റർമാർക്ക് ഒരു ഡ്രസ്സ്കോഡ് ഇല്ലെങ്കിലും മിക്കവർക്കും ഒരു ഡ്രസ്സ് കോഡ് ഉണ്ടെന്നുള്ളതാണ് സത്യം. കണ്ടാൽ ഒരു പുരോഹിതനാണെന്ന് പൊതുജനം പറയാൻ കാരണമാകുന്ന രീതിയിൽ സ്വന്തമായി സ്വീകരിച്ച ഒരു കുപ്പായം. മുക്കാൽ കുപ്പായം ഇട്ടവർ മുഴുക്കുപ്പായം ഇട്ടവരെ കുറ്റം പറയുന്നതു കണ്ടാൽ ചിരിക്കാത്തവർ ആരുണ്ട്? ആരും ചിരിച്ചുപോകും.

ആദിമപിതാക്കന്മാരുടെ വസ്ത്രധാരണത്തിൽപ്പോലും അവർ പെന്തിക്കോസ്തു ഉപദേശിമാർ ആയിരുന്നു എന്ന് തിരിച്ചറിയുമായിരുന്നു. അലക്കി വെളുപ്പിച്ച്, വെള്ളമുണ്ടും ഷർട്ടും, നീലവും പശയും മുക്കി ചിരട്ടത്തേപ്പുപെട്ടിയിൽ തേച്ചുമിനുക്കിയ ആ വസ്ത്രത്തിന്റെ ഭംഗി വേറൊന്നുതന്നെ!!

**വാൽനക്ഷത്രം:**

കാഴ്ചക്കപ്പുറം എന്ന ഈ കോളം കഴിഞ്ഞ പന്ത്രണ്ട് വർഷമായി മുടങ്ങാതെ ചെയ്യുന്നു. ഞാൻ കണ്ടതും കേട്ടതുമായ വിഷയങ്ങളുടെ നേർക്കാഴ്ചയാണ് ഇത്. എന്റെ വിലയിരുത്തലുകൾ വായനക്കാർക്ക് സ്വീകര്യമാകണമെന്നില്ല. മനഃസാക്ഷിക്ക് ചേരാത്തതൊന്നും എഴുതുന്നില്ല. ഒത്തിരി പ്രോത്സാഹനങ്ങൾ ലഭിക്കുന്നു എന്നുള്ളത് അഭിമാനമാണ്. മറ്റു ചിലർ നേരിട്ടും ഫോണിലൂടെയും അല്ലാതെയും വിളിക്കുന്ന 'ചീത്തകൾ' എഴുത്തിനു ഊർജ്ജം പകരുന്നു. ആശയങ്ങളെ ആശയങ്ങൾക്കൊണ്ട് എതിർക്കുന്നതാണ് മാന്യന്മാരുടെ ലക്ഷണം; ചന്തപ്പെണ്ണുങ്ങളെപ്പോലെ അവിടയും ഇവിടെയും പറഞ്ഞുനടക്കുന്നത് ആണുങ്ങളുടെ ലക്ഷണമല്ലെന്ന് എല്ലാവർക്കും അറിയാമല്ലോ? എന്റെ സഹൃദയരായ വായനക്കാരുടെ പ്രോത്സാഹനം കഴിഞ്ഞ നാളുകളെപ്പോലെ ഇനിയും പ്രതീക്ഷിക്കുന്നു. കാഴ്ചയുടെ കാണാപ്പുറങ്ങൾ ഇനിയും തുടരും... കാഴ്ചയ്ക്കപ്പുറത്ത് നാം കാണാത്ത പല കാഴ്ചകളുമുണ്ട്.

# CHRISTIAN WORLD

Address
Christian World, Manganam P.O., Kottayam - 686 018, Kerala
Email: christianworldpathram@gmail.com
REG.NO:KERMAL/2006/17464

POSTAL REG. NO. KL/QN/341/2015-2017
POSTED ON 5TH OF EVERY MONTH
AT RMS KOLLAM

വില രൂ. 10/- Vol: 12 Issue No: 11 2017 November 1 Date of publication : first of Every Month വാർഷിക വരിസംഖ്യ 120 രൂപ


# പൗരോഹിത്യം തേടിപ്പോകുന്നവർ




ഇന്ന് നമ്മുടെ സമൂഹത്തിൽ നിന്ന് ചിലരൊക്കെ പിന്തിരിഞ്ഞ് പൗരോഹിത്യത്തിലേക്കു പോകുന്നതിയി കാണുന്നു. വിട്ടുപോന്നതിലേക്കു തിരികെ പോകുന്നവരാണിവർ. താല്ക്കാലിക ലാഭങ്ങൾക്കുവേണ്ടി, സ്ഥാനമാനങ്ങൾക്കുവേണ്ടി, കൂടുതൽ ബഹുമാനം കിട്ടുമെന്നു കരുതി, ഈലോകത്തിലെ ചില മാനങ്ങൾക്കുവേണ്ടി ഒരിക്കൽ വേണ്ട എന്നു വച്ചതിനെ തിരികെ സ്വീകരിക്കുന്നവർ പെന്തെക്കോസ്തിൽ വർധിച്ചു വരുന്നു.

ഇന്നു കേരളത്തിലെ പെന്തെക്കോസ്തു സമൂഹത്തിൽനിന്നുകൊണ്ട് എന്തും ചെയ്യുന്നവർ, പറയുന്നവർ ഓർക്കേണ്ട കാര്യം; ഇതിന്റെ ആരംഭകാലങ്ങളിൽ പിതാക്കന്മാർ എത്രയോ കഷ്ടം സഹിച്ചാണ് പെന്തെക്കോസ്തിലേക്ക് ഇറങ്ങിത്തിരിച്ചത്. സ്നാനപ്പെട്ടപ്പോൾ പള്ളിയിൽനിന്നു പേര് വെട്ടി, നാട്ടുകാർ ആക്ഷേപിച്ചു, പാട്ടകൊട്ടി ഓടിച്ചു. പൗരോഹിത്യത്തിന്റെ നൂലാമാലകൾ വേണ്ട യേശു മതിയെന്നു പറഞ്ഞ് വലിയ വിലകൊടുത്താണ് പെന്തെക്കോസ്തു വിശ്വാസത്തിനുവേണ്ടി നിന്നത്. ചാണകം മെഴുകിയ ചെറിയ മുറികളിൽ ആരാധിച്ചവരുടെ തലമുറകൾ വന്നപ്പോൾ വിട്ടുപോന്നതിലേക്ക് തിരികെ പോകുകയാണ്. ഇത്തരക്കാരെ വേദപുസ്തകം വിളിക്കുന്നത്, "ഛർദ്ദിയിലേക്കു തിരിയുന്നവർ" എന്നാണ്.

പട്ടത്വസഭകൾ വിട്ട് ബഹുകഷ്ടം സഹിച്ചിറങ്ങിയ പിതാക്കന്മാരെ അവഹേളിക്കുകയാണ് ഇത്തരക്കാർ. ഇന്നത്തെ ചില പാസ്റ്റർമാർ നീളക്കുപ്പായവും കുരിശുമാലയും ഇട്ട് പൗരോഹിത്യസഭകളിലെ പുരോഹിതന്മാരെപ്പോലെ നിൽക്കുന്ന പടങ്ങൾ കാണുമ്പോൾ ഇത്തരക്കാരുടെ സഭകളിലെ വിശ്വാസികളെക്കൂടി വലയ്ക്കുകയാണ് ചെയ്യുന്നത്.

പൗരോഹിത്യസഭകൾ കല്പിച്ചിരിക്കുന്ന വേഷഭൂഷാതികൾ ധരിച്ചു നില്ക്കുന്നവർക്കും പറയാൻ ധാരാളം ന്യായങ്ങൾ ഉണ്ട്. പൗരോഹിത്യം സ്വീകരിച്ചവർക്ക് നിരത്താൻ നിരവധി വാദഗതികൾ കാണും. പീഡനം തടയാനാണ്, സമ്പത്ത് സംരക്ഷിക്കാനാണ്, ഞങ്ങൾ എപ്പോഴും കുപ്പായം ഇടുന്നില്ല, ഞങ്ങൾ ഇപ്പോഴും പെന്തെക്കോസ്തു ഉപദേശങ്ങൾ അനുസരിക്കുന്നു തുടങ്ങി നിരവധി വാദഗതികൾ അവർക്കു നിരത്താൻ കാണും. എന്നാൽ ഇത് നൂറുശതമാനവും തെറ്റാണ്. വടക്കേഇന്ത്യയിൽ ഏതു പള്ളിയെയാണ് പീഡനത്തിൽനിന്ന് ഒഴിച്ചു നിർത്തുന്നത്? ഒറീസയിലെ കന്ദമാൽ ജില്ലയിൽ കത്തോലിക്കാ പള്ളികൾ ഉൾപ്പെടെ നിരവധി ദൈവാലയങ്ങൾ തകർക്കപ്പെട്ടു. ബാക്കിയുള്ള വാദഗതികൾ തിരുവചനാടിസ്ഥാനത്തിൽ തെറ്റാണ്. പുതിയനിയമ പൗരോഹിത്യം എന്താണെന്ന് പഠിച്ചാൽ ഒരിക്കലും കുപ്പായം ഇടില്ല. മാന്യത കിട്ടും, സമ്പത്ത് സംരക്ഷിക്കും എന്നൊക്കെയാണ് ഒരു യഥാർഥ സുവിശേഷകൻ ആഗ്രഹിക്കേണ്ടത്. കഷ്ടത പുതിയനിയമവിശ്വാസത്തിന്റെ ഭാഗമാണ്.

ഇത്തരക്കാരെ ചോദ്യം ചെയ്യുന്നവർ എല്ലാം പരീശന്മാർ ആണെന്നാണ് ഇവർ പറയുന്നത്. എല്ലാം കുറിക്കാൻ ഇവിടെ പരിമിതികളുണ്ട്. ഇത്തരക്കാർ തികച്ചും പിൻമാറ്റക്കാരാണ്. ഇവരെ പരമാവധി ഒറ്റപ്പെടുത്തണം. എന്തും കാട്ടിക്കൂട്ടിയിട്ട് വിശ്വാസികൾ കൂടെ തുള്ളണം എന്നു പറയുന്നത് മണ്ടത്തരമാണ്. ന്യായീകരണങ്ങൾ ഒഴിവാക്കി മാനസാന്തരപ്പെടുക.



*വൈപിഇയുടെ മലബാർ ക്യാമ്പ് പാസ്റ്റർ എ.റ്റി. ജോസഫ് ഉദ്ഘാടനം ചെയ്യുന്നു.*

## വൈപിഇ മലബാർ ക്യാമ്പ്

**ബത്തേരി (വയനാട്):** ഇന്ത്യ പൂർണ സുവിശേഷ ദൈവസഭ കേരളാ സ്റ്റേറ്റിന്റെ യുവജനവിഭാഗമായ വൈപിഇയുടെ മലബാർ ക്യാമ്പിന് അനുഗ്രഹ സമാപ്തി. സെപ്റ്റംബർ 29,30 തീയതികളിൽ സുൽത്താൻ ബത്തേരി പ്രതീക്ഷ പാസ്റ്ററൽ സെന്ററിൽ നടന്ന ക്യാമ്പിൽ മലബാറിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് 220 പേർ പങ്കെടുത്തു. അനേകം യുവതീയുവാക്കൾ ദൈവത്തിനായി സമർപ്പിക്കപ്പെട്ട ഈ ക്യാമ്പ് മലബാറിലെ പ്രവർത്തനങ്ങൾക്ക് പുത്തൻ ഉണർവ്വ് നൽകി.

മാത്യു ബേബിയുടെ അധ്യക്ഷതയിൽ പാസ്റ്റർ എ.റ്റി. ജോസഫ് ഉദ്ഘാടനം ചെയ്യുകയും ചെയ്തു. പാസ്റ്റർ റോബിൻ സി. റോയ് സ്വാഗതവും പാസ്റ്റർ സി.ഐ. തോമസ് നന്ദിയും അറിയിച്ചു.

സജിൻ ബാംഗ്ലൂർ, പാസ്റ്റർമാരായ ജോൺസൻ തേക്കടയിൽ, തോമസ് മാത്യു സി. കോട്ടയം, അഭിലാഷ് എ.പി. തിരുവനന്തപുരം, അലൻ എന്നിവർ ക്ലാസെടുത്തു. കുട്ടികൾക്കായി പ്രത്യേക പ്രോഗ്രാമുകളും ഗെയ്മുകളും ഉണ്ടായിരുന്നു.

പാസ്റ്റർ ജിജി വി.റ്റി., ജെബ്ബേസ്, റോഹൻ റോയി എന്നിവരുടെ നേതൃത്വത്തിൽ വൈപിഇ സ്റ്റേറ്റ് ക്വയർ ഗാനശുശ്രൂഷ നിർവഹിച്ചു.

പാസ്റ്റർ എ.റ്റി. ജോസഫ് സമാപന സന്ദേശം നൽകി. എസ്എസ്എൽസി, +2 പരീക്ഷകളിൽ ഉന്നത വിജയം നേടിയവരെ ആദരിച്ചു.

## വാർഷിക കൺവൻഷനും ശുശ്രുഷക സമ്മേളനവും

**ഡൽഹി:** ഐപിസി ഡൽഹി സ്റ്റേറ്റ് വാർഷിക കൺവൻഷനും ശുശ്രുഷക സമ്മേളനവും നവംബർ 9 – 11 വരെ ചണ്ഡേവാല റാണി ജാൻസി റോഡിലെ അംബേദ്കർ ഭവനിൽ നടക്കും. സാമുവേൽ എം. തോമസ് ഉദ്ഘാടനം ചെയ്യും. പാസ്റ്റർ കെ.സി. ജോൺ (ഐപിസി ജനറൽ സെക്രട്ടറി), പാസ്റ്റർമാരായ കെ. ജോയ്, ടോമി ജോസഫ്, ദാനിയേൽ കൊന്നനിൽക്കുന്നതിൽ എന്നിവർ പ്രസംഗിക്കും.

വൈകിട്ടു 6 മുതൽ 9 വരെ സുവിശേഷയോഗവും 10 മുതൽ 1 വരെയും ഉച്ചക്ക് 3 മുതൽ 5 വരെയും മറ്റു മീറ്റിങ്ങുകളും നടക്കും. ബൈബിൾ സ്കൂൾ ഗ്രാജുവേഷൻ, ഓർഡിനേഷൻ സർവീസ്, സൺഡേസ്കൂൾ, സോദരിസമാജം, പിവൈപിഎ വാർഷിക സമ്മേളനവും നടക്കും. 12നു സംയുക്ത ആരാധനയോടെ കൺവൻഷൻ സമാപിക്കും. പാസ്റ്റർ സാം തോമസ്, ജോൺസൺ എം., കോശി മാത്യു എന്നിവർ നേതൃത്വം കൊടുക്കും.

## ഹോശന്നാ റേഡിയോ പ്രവർത്തനം ആരംഭിച്ചു

**നിക്കരാഗ്വ:** ലോകമെമ്പാടുമുള്ള ശ്രോതാക്കൾക്കു 24 മണിക്കൂർ പ്രക്ഷേപണത്തിലൂടെ ക്രൈസ്തവ മാധ്യമരംഗത്തു ഒരു പുതിയ ചുവടുവയ്പ്പായി ഹോശന്നാ റേഡിയോ പ്രവർത്തനം ആരംഭിച്ചു.

ഹോശന്നാ മിനിസ്ട്രീസ് നേതൃത്വം നൽകുന്ന ഈ റേഡിയോയിലൂടെ ക്രിസ്തീയ ഗാനങ്ങൾ, സന്ദേശങ്ങൾ, വിവിധ പരിപാടികൾ മുതലായവ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഐഫോൺ, ആൻഡ്രോയിഡ് ഉപഭോക്താക്കൾക്ക് സൗജന്യമായി ഈ റേഡിയോ ആപ് ഡൗൺലോഡ് ചെയ്യാം.

## സുവിശേഷമഹായോഗവും സംഗീതവിരുന്നും

**മുസഫ:** ഐപിസി ഫിലദൽഫിയ വർഷിപ്പ് സെന്റർ ഒരുക്കുന്ന സുവിശേഷമഹായോഗവും സംഗീതവിരുന്നു നവംബർ 24,25 തീയതികളിൽ ബ്രദറൺ ചർച്ച് സെന്ററിൽ നടക്കും. ദിവസവും വൈകിട്ട് 7.30 മുതൽ 10 വരെ നടക്കുന്ന യോഗങ്ങളിൽ സുവിശേഷപ്രഭാഷകൻ പാസ്റ്റർ മാത്യു ലാസർ പ്രസംഗിക്കും. പ്രശസ്ത വർഷിപ്പ് ലീഡർ ആർഎസ്വിയുടെ നേതൃത്വത്തിൽ ഫിലദൽഫിയ ഗോസ്പൽ സിങ്ങേഴ്സ് സംഗീതശുശ്രൂഷയ്ക്ക് നേതൃത്വം നൽകും. പ്രശസ്ത ഗായകരായ പ്രസാദ്, പ്രിയ എന്നിവർ ഗാനങ്ങളാലപിക്കും. സഭാശുശ്രൂഷകൻ പാസ്റ്റർ പി.എം. ഫിലിപ്പ് നേതൃത്വം നൽകും. അബുദബി, ഐക്കാഡ്, സനയ്യ, മഥറക് എന്നിവിടങ്ങളിൽ നിന്ന് യാത്രാസൗകര്യം ഉണ്ടായിരിക്കും.

## ഐപിസി മലബാർ മേഖലാ കൺവൻഷൻ നവംബർ 15 മുതൽ

**നിലമ്പൂർ:** മലബാറിലെ ഏറ്റവും വലിയ പെന്തെക്കോസ്തു സംഗമമായ ഐപിസി മലബാർ മേഖല കൺവൻഷൻ നവംബർ 15– 19 വരെ നിലമ്പൂർ പാലുണ്ട ന്യൂ ഹോപ്പ് ബൈബിൾ സെമിനാരി ഗ്രൗണ്ടിൽ നടക്കും. പാസ്റ്റർ വി.ജെ. ജോർജ് ഉദ്ഘാടനം നിർവഹിക്കും. പാസ്റ്റർമാരായ വിൽസൺ ജോസഫ്, ഷിബു നെടുവേലിൽ, രാജു പൂവക്കാല, ഫിലിപ്പ് പി.തോമസ്, ജോൺ ജോർജ്, ശമുവേൽ ജോൺ, സ്റ്റാൻലി ദാനിയേൽ, വർഗീസ് ഏബ്രഹാം, കെ.എ. ഏബ്രഹാം, കെ.എം ജോർജ് എന്നിവർ പ്രസംഗിക്കും. വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് സോദരി സമ്മേളനത്തിൽ സൂസൻ തോമസ്, ശനിയാഴ്ച യുവജന സമ്മേളനത്തിൽ പാസ്റ്റർ വി.പി.ഫിലിപ്പും പ്രസംഗിക്കും. എല്ലാ ദിവസവും പകൽ ശുശ്രഷക സമ്മേളനം, പവർ കോൺഫ്രൻസ് എന്നിവ നടക്കും. ഞായറാഴ്ച സംയുക്ത സഭായോഗം ഉണ്ടായിരിക്കും. പത്തനാപുരം ശാലേം വോയ്സ് ഗാനങ്ങൾ ആലപിക്കും. പാസ്റ്റർ ജോൺ ജോർജ് (പ്രസിഡന്റ്), പാസ്റ്റർ ബിജോയ് കുര്യാക്കോസ് (സെക്രട്ടറി), ജോർജ് തോമസ് (ട്രഷറർ), പാസ്റ്റർ കെ.സി. ഉമ്മൻ (ജന. കോഡിനേറ്റർ) തുടങ്ങിയവർ നേതൃത്വം നല്കും. ഐപിസി മലബാർ മേഖലയുടെ കീഴിൽ 30 സെന്ററുകളിലായി 534 സഭകളാണ് ഉള്ളത്.

## ചർച്ച് ഓഫ് ഗോഡ് കേരളാ റീജിയൻ ജനറൽ കൺവൻഷൻ ഒരുക്കങ്ങൾ ആരംഭിച്ചു

**പാക്കിൽ:** ചർച്ച് ഓഫ് ഗോഡ് കേരളാ റീജിയൻ ജനറൽ കണവൻഷൻ ജനുവരി 22 – 28 വരെ പ്രത്യാശനഗർ കൺവൻഷൻ സ്റ്റേഡിയത്തിൽ നടക്കും.

സ്വദേശത്തും വിദേശത്തുമുള്ള ആയിരക്കണക്കിന് വിശ്വാസികളും ശുശ്രുഷകന്മാരും സംബന്ധിക്കും. ഒരാഴ്ച നീണ്ടുനിൽക്കുന്ന കൺവൻഷന്റെ അനുഗ്രഹത്തിനും വിജയകരമായ നടത്തിപ്പിനുവേണ്ടി നവംബർ 6 മുതൽ കേരളത്തിലെ വിവിധ സ്ഥലങ്ങളിലുള്ള ശുശ്രൂഷകരും വിശ്വാസികളും ഉപവസിച്ച് പ്രർഥിക്കും.

കൺവൻഷന്റെ വിപുലമായ നടത്തിപ്പിനായി വിവിധ കമ്മറ്റികൾ പ്രവർത്തിക്കുന്നു.

## മണക്കാല കൺവൻഷൻ

**മണക്കാല:** ശാരോൻ ഫെലോഷിപ്പ് ചർച്ച് അടൂർ–കൊട്ടാരക്കര–ശൂരനാട് സെന്ററുകളുടെയും ബാഹ്യകേരളസഭകളുടെയും സംയുക്ത കൺവൻഷൻ ജനുവരി രണ്ടു മുതൽ ഏഴുവരെ ഫെയ്ത്ത് തിയോളജിക്കൽ സെമിനാരി ജൂബിലി ഓഡിറ്റോറിയത്തിൽ നടക്കും. ഡോ. റ്റി.ജി. കോശി ഉദ്ഘാടനം ചെയ്യും. വൈകിട്ട് 6–9 വരെ പൊതുയോഗം നടക്കും. ബിരുദദാനസമ്മേളനം, സണ്ടേസ്കൂൾ സിഇഎം സംയുക്ത സമ്മേളനം, വനിതാസമ്മേളനം, മിഷൻ സമ്മേളനം, ശുശ്രൂഷകസമ്മേളനം, പൂർവവിദ്യാർഥി സമ്മേളനം തുടങ്ങിയവ നടക്കും. എഴിനു ഞായറാഴ്ച സംയുക്ത ആരാധനയോടും കർത്തൃമേശയോടുംകൂടെ കൺവൻഷൻ സമാപിക്കും.

## ആർഎസ്വി ഒരുക്കുന്ന സംഗീതാരാധന

**ഷാർജ:** പ്രശസ്ത വർഷിപ്പ് ലീഡറും സെവൻഐസ് മിനിസ്ട്രീസ് ഡയറക്ടറുമായ ആർഎസ്വിയുടെ നേതൃത്വത്തിൽ ഒരുക്കുന്ന സംഗീതാരാധന "എഴുന്നേൽക്ക.." നവംബർ 18 നു ഷാർജ വർഷിപ്പ് സെന്ററിൽ നടക്കും. വൈകിട്ട് 7.30 – 10 വരെ നടക്കുന്ന ആരാധനയിൽ ആർഎസ്വി എഴുതിയ ഗാനങ്ങളാണ് പാടുന്നത്. വിവരങ്ങൾക്ക് 056 357 2777.


Printer, Publisher, owner & Edited by Sam T. Mukathala, Thenguvila House, Alummood P.O.,Kollam- 691 577. Ph: 0474-2708197. Printed at Cochin Printech for Mulamoottil Offset Printers, Minerva-Chenthra road, Kottarakkara Published at Alummoode, Kollam. Editor: D.Kunjumon Pothancode